# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെളിയം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KLM/P6/1436/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 08/09/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെളിയം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെളിയം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെളിയം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KLM/P6/1436/2023 തീയ്യതി: 08/09/2023

## കൊല്ലം ജില്ലയിലെ വെളിയം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ വെളിയം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അനിൽ കുമാർ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 10-07-2023 | 20-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-07-2023 | 20-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ഐസക് ജോൺ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീമതി ജയകുമാരിഅമ്മ ജി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. രാകേഷ് എം, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി റജീന എ എസ്സ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ. ബിനോജ് ആർ | പ്രസിഡന്റ് | 01-04-2022 | 09-01-2023 |
| ശ്രീമതി. രമണി (ഇൻചാർജ്) | പ്രസിഡന്റ് | 10-01-2023 | 12-01-2023 |
| ശ്രീ. ആർ. പ്രശാന്ത് | പ്രസിഡന്റ് | 13-01-2023 | 31-03-2023 |
| ശ്രീ. സലീൽ എവുജിൻ | സെക്രട്ടറി | 01-04-2022 | 30-09-2022 |
| ശ്രീ. ബാലകൃഷ്ണപിളള ബി | സെക്രട്ടറി | 01-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഹസീന.എൻ | അസി.സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ.പ്രകാശൻ.ഡി | അസി.എൻജിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ.ബിനു | ഹെഡ്മിസ്ട്രസ്സ് | 01-04-2022 | 31-03-2023 |
| ഡോ.ദിവ്യ ശശി | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2022 | 25-08-2022 |
| ഡോ.പ്രവീൺ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 26-08-2022 | 31-03-2023 |
| ഡോ.മൃദുല.എൻ.മോഹൻ | മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | 01-04-2022 | 31-03-2023 |
| ശ്രീ.മനേഷ്.എം.എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ജയലക്ഷ്മി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 30-06-2022 |
| ശ്രീമതി.പ്രഭ.ജെ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-07-2022 | 31-12-2022 |
| ശ്രീമതി.എൽസമ്മ ഫിലിപ്പ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-01-2023 | 31-03-2023 |
| ഡോ.ആര്യ.എസ്.എസ് | വെറ്റിനറി സർജൻ | 01-04-2022 | 19-03-2023 |
| ഡോ.ഷെഫീന ഷെരീഫ് | വെറ്റിനറി സർജൻ | 20-03-2023 | 31-03-2023 |
| ശ്രീ.സുജിത് കുമാർ.എസ്.വി | വി.ഇ.ഒ | 01-04-2022 | 12-08-2022 |
| ശ്രീ.മനോജ് കുമാർ | വി.ഇ.ഒ | 13-08-2022 | 31-03-2023 |
| ശ്രീമതി.സ്നേഹ.എസ്.മോഹൻ | കൃഷി ഓഫീസർ | 01-04-2022 | 30-07-2022 |
| ശ്രീ.സുരേഷ്.വി | കൃഷി ഓഫീസർ | 01-08-2022 | 17-02-2023 |
| ശ്രീ.പുഷ്പരാജൻ.ബി | കൃഷി ഓഫീസർ | 18-02-2023 | 25-02-2023 |
| ശ്രീമതി.പ്രതിഭ.പി.ആർ | കൃഷി ഓഫീസർ | 25-02-2023 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല | 1-1.1 |
| 3 | പേയ്മെന്റ് ആകാത്ത ബില്ലുകൾ Web Saankhya ACR ൽ നിന്നും ഒഴിവാക്കിയില്ല | 1-1.2 |
| 4 | രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല. | 1-1.3 |
| 5 | ബജറ്റ് | 1-2 |
| 6 | സാമ്പത്തിക വിശകലനം | 1-3 |
| 7 | ഫണ്ട് വിനിയോഗം | 1-4 |
| 8 | പദ്ധതി അവലോകനം | 1-5 |
| 9 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 10 | ക്ഷേമ പദ്ധതികൾ | 1-7 |
| 11 | ക്യാഷ് പരിശോധന | 1-8 |
| 12 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 14 | ലൈസൻസ് അനുവദിക്കുന്നതിലെ അപാകത | 1-11 |
| 15 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല | 1-12 |
| 16 | വാടക - ഡിമാൻഡ്, കളക്ഷൻ, ബാലൻസ് എന്നിവയിലെ അപാകത | 1-13 |
| 17 | കെട്ടിടനികുതി തെറ്റായി നിർണ്ണയിച്ചിരിക്കുന്നു | 1-14 |
| 18 | കെട്ടിടത്തിന് തെറ്റായ മേഖല നല്കി അടിസ്ഥാന വസ്തു നികുതിയിന്മേൽ ഇളവു നൽകി | 1-15 |
| 19 | മുൻകൂർ കൈപ്പറ്റിയിട്ടും ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല. | 1-16 |
| 20 | ചെലവഴിച്ച തുകയ്ക്ക് പൂർണ്ണമായും മരുന്നുകൾ ലഭ്യമാക്കിയില്ല. | 1-17 |
| 21 | പ്രോജക്ട്- ചെലവ് ഫയലുകൾ ഹാജരാക്കിയില്ല. | 1-18 |
| 22 | മുൻകൂറായി തുക നല്കി - മരുന്നു ലഭിച്ചില്ല. | 1-19 |
| 23 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല - ചെലവ് തടസ്സപ്പെടുത്തുന്നു. | 1-20 |
| 24 | പഠനമുറി - വാല്യുവേഷൻ തുകയിലും അധികം നൽകി | 1-21 |
| 25 | കുടിവെള്ള വിതരണത്തിന് അധികം നൽകിയ തുക ഓഡിറ്റ് നിർദ്ദേശത്തെത്തുടർന്ന് തിരിച്ചടച്ചു. | 1-22 |
| 26 | തുമ്പൂർമൂഴി മാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തനക്ഷമമായില്ല. | 1-23 |
| 27 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- പ്രവൃത്തികൾ | 1-24 |

| | | |
|---|---|---|
| | സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല. | |
| 28 | നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാർ വച്ചില്ല - പിഴ ഈടാക്കിയില്ല - 10,404/-രൂ. | 1-25 |
| 29 | ഇ-ടെണ്ടർ ഫാറവില തിരികെ ഈടാക്കിയില്ല. | 1-26 |
| 30 | എഫ്.എച്ച്.സി. ഫണ്ടിൽ നിന്നും മറ്റൊരു കെട്ടിടത്തിന്റെ ലാന്റ് ഫോൺ ബിൽ തുക ഒടുക്കി. | 1-27 |
| 31 | എഫ്.എച്ച്.സി.യുടെ കറന്റ് ബില്ലിനൊപ്പം കുടിശ്ശിക ഒടുക്കാനിടയായതിന് വിശദീകരണം ലഭ്യമാക്കിയില്ല. | 1-28 |
| 32 | ഹരിത കർമ്മസേന അവലോകനം | 1-29 |
| 33 | റിംഗിന്റെ വ്യാപ്തം, സെന്ററിംഗ് & ഷട്ടറിംഗ്, മെറ്റൽ ഫില്ലിംഗ് എന്നിവയുടെ അളവുകൾ കണക്കാക്കിയതിൽ വ്യത്യാസം - 3,929/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 1-30 |
| 34 | പ്രോജക്ട് നമ്പർ-64/23- റോഡ് കണക്ടിവിറ്റി മാപ്പിംഗ് -പ്രോജക്ട് പൂർത്തീകരിച്ചില്ല - തടസ്സപ്പെടുത്തുന്ന ചെലവ് - 11,840/-രൂപ. | 1-31 |
| 35 | ലക്ഷങ്ങൾ ചെലവഴിച്ച പദ്ധതികൾ ഉപയോഗയോഗ്യമാക്കിയിട്ടില്ല. | 1-32 |
| 36 | പ്രോജക്ട് നം. 45/23 - വെളിയം ജംഗ്ഷനിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം - ബിൽ തുക അനുവദിച്ചതിലെ അപാകതകൾ. | 1-33 |
| 37 | വെളിയം ജംഗ്ഷനിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം-ലോൺ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | 1-34 |
| | ഭാഗം **2** | |
| 1 | കെട്ടിടനികുതി തെറ്റായി നിർണ്ണയിച്ചിരിക്കുന്നു | 2-1 |
| 2 | കെട്ടിടത്തിന് തെറ്റായ മേഖല നല്കി അടിസ്ഥാന വസ്തു നികുതിയിന്മേൽ ഇളവു നൽകി | 2-2 |
| | ഭാഗം **3** | |
| 1 | പഠനമുറി - വാല്യുവേഷൻ തുകയിലും അധികം നൽകി | 3-1 |
| 2 | എഫ്.എച്ച്.സി. ഫണ്ടിൽ നിന്നും മറ്റൊരു കെട്ടിടത്തിലെ ലാന്റ് ഫോൺ ബിൽ തുക ഒടുക്കി. | 3-2 |
| 3 | റിംഗിന്റെ വ്യാപ്തം, സെന്ററിംഗ് & ഷട്ടറിംഗ്, മെറ്റൽ ഫില്ലിംഗ് എന്നിവയുടെ അളവുകൾ കണക്കാക്കിയതിൽ വ്യത്യാസം - 3,929/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 3-3 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |

| | | |
|---|---|---|
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധം-3 | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3 എന്നിവയും സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും അനുവർത്തിക്കേണ്ട നിർദ്ദേശങ്ങളും അനുസരിച്ച് തയ്യാറാക്കിയ വെളിയം ഗ്രാമപഞ്ചായത്തിന്റെ 31.03.2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവ ഉൾപ്പെടുന്ന ധനകാര്യ പത്രികകളും, നിർദ്ദിഷ്ട അനുബന്ധ ഫോറങ്ങളും 19-06-2023 ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 3(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് 28-6-2023 ൽ ഓഡിറ്റിന് സമർപ്പിച്ചത് ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തത്തിൽ തയ്യാറാക്കിയ ഈ അക്കൗണ്ടുകളിന്മേൽ, ഫിനാൻഷ്യൽ ഓഡിറ്റ് നടത്തി അഭിപ്രായം രേഖപ്പെടുത്തുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനായി C&AG പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളും ഓഡിറ്റിംഗ് സ്റ്റാന്റേർഡുകളും അനുസരിച്ചാണ് ഞാൻ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളില്ലാത്തതാണ് എന്ന് ന്യായമായും ഉറപ്പ് വരുത്തുന്ന തരത്തിൽ ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നിർവ്വഹിക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകൾക്കും വെളിപ്പെടുത്തലുകൾക്കും അടിസ്ഥാനമായ തെളിവുകൾ പരിശോധിക്കുന്നതും, ഉപയോഗിച്ചിരിക്കുന്ന അക്കൗണ്ടിംഗ് തത്വങ്ങളുടെയും തയ്യാറാക്കിയിരിക്കുന്ന പ്രസക്തമായ എസ്റ്റിമേറ്റുകളുടെയും വിലയിരുത്തലും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണത്തിന്റെ വിലയിരുത്തലും ഓഡിറ്റിൽ നിർവ്വഹിച്ചിട്ടുണ്ട്. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭ്യമായതുമായ വിവരങ്ങളെയും വിശദീകരണങ്ങളെയും അടിസ്ഥാനമാക്കിയും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി ലഭിച്ച പരമാവധി വിവരങ്ങളുടെ അടിസ്ഥാനത്തിലും, അവയിന്മേൽ നൽകപ്പെട്ട വിശദീകരണങ്ങൾ പരിഗണിച്ചും അനുബന്ധ റിപ്പോർട്ടിലെ നിരീക്ഷണങ്ങൾക്ക് വിധേയമായും ഞാൻ താഴെ പറയും പ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ സാക്ഷ്യപത്രം

അനുബന്ധ റിപ്പോർട്ടിലെ വിശേഷണങ്ങളോടു കൂടിയ അഭിപ്രായത്തിന് ആധാരമായി വിവരിച്ചിരിക്കുന്ന കാര്യങ്ങളിൽ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വെളിയം ഗ്രാമപഞ്ചായത്തിന്റെ 2022-23 ലെ വാർഷിക ധനകാര്യ പത്രികകൾ സാമ്പത്തിക നിലയെക്കുറിച്ചും സാമ്പത്തിക ഫലത്തെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

### 1-1.1 വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല

റേഷ്യോസ്, സെക്രട്ടറിയുടെ കുറിപ്പുകൾ വാർഷിക കണക്കിനൊപ്പം ഉൾപ്പെട്ടിട്ടില്ല.

### 1-1.2 പേയ്മെന്റ് ആകാത്ത ബില്ലുകൾ Web Saankhya ACR ൽ നിന്നും ഒഴിവാക്കിയില്ല

2022-23 ൽ പേയ്മെന്റ് ആകാത്ത ബില്ലുകൾ ACR ൽ നിന്നും ഒഴിവാക്കിയിട്ടില്ലാത്തതിനാൽ ചെലവിനത്തിൽ 30,324/- രൂപയുടെ വ്യത്യാസം കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | തുക (₹) |
|---|---|
| മെയി.ഫണ്ട്-നോൺ-റോഡ് | 6,324/- |
| CFC-tied | 24,000/- |

## 1-1.3 രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.

## 1-2 ബജറ്റ്

18/2/2022 ലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ പരിഷ്കരിച്ച ബജറ്റ് 18/3/2023 ലെ 3(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,99,55,376/-രൂപ |
| വരവ് | 5,30,94,871/-രൂപ |
| ആകെ | 7,30,50,247/-രൂപ |
| ചെലവ് | 4,86,33,530/-രൂപ |
| നീക്കിയിരിപ്പ് | 2,44,16,717/-രൂപ |
| വരവിനങ്ങളിലെ നഷ്ടം | 9,736/-രൂപ |
| ചെലവിനങ്ങളിലെ നഷ്ടം | 1,43,157/-രൂപ |
| തടസ്സപ്പെടുത്തിയ തുക | 32,38,290/-രൂപ |

പ്ലാൻ ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ട്രഷറിയിൽ വന്നത്) എന്നീ ഇനങ്ങളിലെ വരവ് ചെലവുകൾ റസീപ്റ്റ് & പേയ്മെന്റ് റിപ്പോർട്ടിൽ ഇല്ലാത്തതിനാൽ സാമ്പത്തിക നിലയിലും ഉൾപ്പെടുത്തിയിട്ടില്ല.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി. ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | സി.ബി ₹ |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 23052000/- | 23052000/- | 19905787/- | 3146213/- |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 13943000/- | 13943000/- | 12748343/- | 1194657/- |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 11474000/- | 11474000/- | 6767567/- | 4706433/- |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 7537000/- | 7537000/- | 6560151/- | 976849/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്( Tied-Bank) (ACR പ്രകാരം) | | 5181198/- | 5705000/- | 10886198/- | 5034830/- | 5851368/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied-Bank) (ACR പ്രകാരം) | | 24599/- | 4026264/- | 4050863/- | 3164078/- | 886785/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied-Treasury (ACR പ്രകാരം) | | 0 | 866683/- | 866683/- | 402025/- | 464658/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied-Treasury) (ACR പ്രകാരം) | | 0 | 204250/- | 204250/- | 112857/- | 91393/- |
| ബി-ഫണ്ട് | | - | 255720/- | 255720/- | 255720/- | - |
| സാക്ഷരത | | 22271/- | 608/- | 22879/- | | 22879/- |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ICDS | | 1149344/- | 1682688/- | 2832032/- | 1000000/- | 1832032/- |
| TSC | | 1238226/- | 39831/- | 1278057/- | 901277/- | 376780/- |
| MGNREGS | ഭരണച്ചെലവുകൾ | 1/- | 1542266/- | 1542267/- | 1542105/- | 162/- |
| | ഗുണഭോക്താക്കൾക്ക് നൽകിയത് | 0 | 71662920/- | 71662920/- | 71662920/- | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ലൈഫ് -സ്റ്റേറ്റ് ഷെയർ | | 15787/- | 1013157/- | 1028944/- | 1028944/- | - |
| ആയുഷ് ഹെൽത്ത് വെൽനെസ്സ് സെന്റർ | | 62082/- | 450000/- | 512082/- | - | 512082/- |

| | | | | | |
|---|---|---|---|---|---|
| ഭരത് മുരളി സ്മാരകം | 515023/- | - | 515023/- | - | 515023/- |
| ശുചിത്വ മിഷൻ | 2536846/- | 194880/- | 2731726/- | 1329859/- | 1401867/- |
| ലൈബ്രറി ഗ്രാന്റ് | - | 13610/- | 13610/- | 13610/- | - |
| ഹെൽത്ത് ഗ്രാന്റ് | - | 217154/- | 217154/- | 188931/- | 28223/- |
| ഹെൽത്ത് ഗ്രാന്റ് | - | 424740/- | 424740/- | 333096/- | 91644/- |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 190 | 21,42,92,035/- | 139 | 7,15,75,827/- | - | 51 | 73% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1 | 15,42,266/- | 15,42,267/- | 15,42,105/- | 162/- |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 7,16,62,920/- | 7,16,62,920/- | 7,16,62,920/- | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) |
|---|---|
| തൊഴിൽരഹിത വേതനം | 15,720/- |
| കർഷകതൊഴിലാളി പെൻഷൻ | 14,15,000/- |
| വിധവാപെൻഷൻ | 1,70,82,400/- |
| വാർദ്ധക്യകാല പെൻഷൻ | 2,84,32,600/- |
| വികലാംഗപെൻഷൻ | 52,14,000/- |
| 50 വയസ്സുകഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 5,49,200/- |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 2,40,000/- |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.07.2023 ന് അക്കൌണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 5,440/-രൂപയുടെ ക്യാഷ് ബാലൻസ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ സാംഖ്യ രസീത് നൽകി സ്വീകരിക്കുന്നു. സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൗണ്ട് ചെയ്യുന്നുണ്ട്. മാനവൽ രസീത് മുഖേന സ്വീകരിക്കുന്ന തുകകളുടെ ഒടുക്ക് മേൽനോട്ട ചുമതലയുള്ളവർ പരിശോധിച്ച് ഉറപ്പാക്കുന്നുണ്ട്. പെയ്മെന്റ് ഓർഡറുകൾ യഥാസമയം ചെയ്ത് ചെലവ് ആധികാരികമാക്കുകയും സാംഖ്യ വൗച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങളോടും ഭേദഗതികളോടും കൂടി അംഗീകരിക്കുന്നു.

ആസ്തി രജിസ്റ്റർ കാലികമല്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ ആവിഷ്കരിച്ച് ആസൂത്രണ സമിതിയുടെ അംഗീകാരം നേടി ഏറ്റെടുക്കുന്ന പദ്ധതികൾ കൈമാറികിട്ടിയ വിവിധ

സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥർ മുഖേനയാണ് നിർവ്വഹണം നടത്തുന്നത്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 4/8/22 മുതൽ 6/8/22 വരെ | 4/22 മുതൽ 6/22 വരെ | 4/9/22 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12/1/18 | 2017-18 | 13/8/21 |

## 1-11 ലൈസൻസ് അനുവദിക്കുന്നതിലെ അപാകത

1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017 /ത.സ്വ.ഭ.വ., എസ്.ആർ.ഒ. നമ്പർ 674/2017 വിജ്ഞാപന പ്രകാരം ഭേദഗതിവരുത്തിയിട്ടുണ്ട്. മേൽ വിജ്ഞാപനത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് ചട്ടത്തിന്റെ പേര് ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 7 ലെ പട്ടിക-II ൽ വിവിധ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസ് നിശ്ചയിക്കുന്നതിന് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ പരാമർശിക്കുന്ന തുകകളിൽ കവിയാത്ത ഒരു തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്. മേൽ പറഞ്ഞ ഭേദഗതിയുടെ അടിസ്ഥാനത്തിൽ വിവിധ സ്ഥാപനങ്ങളിൽനിന്നും ഈടാക്കേണ്ട ലൈസൻസ് തുക മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ലൈസൻസ് ഫീസ് ഇനത്തിൽ പിരിച്ചെടുത്തിട്ടുള്ളത് പഴയ തുക തന്നെയാണ്. അപേക്ഷയിലോ അനുബന്ധരേഖകളിലോ പരിശോധന റിപ്പോർട്ടിലോ മൂലധന നിക്ഷേപം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുമില്ല. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ഭേദഗതി ചട്ടപ്രകാരം ഫീസ് ഈടാക്കുന്നതിന് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.1/18.07.2023

## 1-12 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

2022-23 ൽ തൊഴിൽ നികുതി രജിസ്റ്റർ, പരിശോധിച്ചതിൽ താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | യോഗക്ഷേമം ഹോസ്പിറ്റൽ | I , II |
| 2 | മുട്ടറ ക്ഷീരോല്പാദക സഹകരണ സംഘം | I , II |
| 3 | വെളിയം ക്ഷീരോല്പാദക സഹകരണ സംഘം | I , II |
| 4 | വെളിയം പടിഞ്ഞാറ്റിൻകര ക്ഷീരോല്പാദക സഹകരണ സംഘം | I , II |

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരു സ്ഥാപനം/വ്യക്തിയുടെ മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു, എന്നിരിക്കെ മേൽ സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളെ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.. മേൽ സ്ഥാപനങ്ങളിലെ സ്ഥാപന തൊഴിൽ നികുതി ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.1/19.07.2023

## 1-13 വാടക - ഡിമാൻഡ്, കളക്ഷൻ, ബാലൻസ് എന്നിവയിലെ അപാകത

2022-23 ലെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ വാർഷിക ധനകാര്യപത്രിക, രജിസ്റ്ററിന്റെ സംക്ഷിപ്തം എന്നിവ പ്രകാരം കടമുറികളുടെ വാടകയുടെ ഡിമാൻഡ്, കളക്ഷൻ, ബാലൻസ് എന്നിവ യഥാക്രമം 10,59,416/- രൂപ, 9,73,284/- രൂപ, 86,132/- രൂപ എന്നിങ്ങനെയാണ്. എന്നാൽ യഥാർത്ഥ കണക്കുകൾ പരിശോധിച്ചതിൽ ഡിമാൻഡ്, കളക്ഷൻ, ബാലൻസ് എന്നിവ യഥാക്രമം 11,70,576/- രൂപ, 9,70,034/- രൂപ, 2,00,542/- രൂപ എന്നിങ്ങനെയാണ്. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

കൂടാതെ വാടക രജിസ്റ്റർ പ്രകാരം രാധാകൃഷ്ണൻ, G3 കടമുറിയുടെ വാടകയായ 74,700/- (8300x9) രൂപയും, പ്രജീവ്, G5 കടമുറിയുടെ വാടകയായ 89,400/- (7450x12) രൂപയും ഡിപ്പോസിറ്റ് തുകയിൽ നിന്നും അഡ്ജസ്റ്റ് ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു. മേൽ തുകകൾ അഡ്ജസ്റ്റ് ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. മുത്തൂറ്റ് വാടകയ്ക്ക് എടുത്തിരിക്കുന്ന XVIII നമ്പർ കടമുറിയുടെ മാർച്ച് മാസത്തെ വാടകയായ 11,432/- രൂപ അടവാക്കിയിട്ടില്ല.

വാടകയുടെ ഡിമാൻഡ്, കളക്ഷൻ, ബാലൻസ് എന്നിവയിലുണ്ടായ അപാകതകൾ സംബന്ധിച്ച് വിശദീകരണം അറിയിക്കേണ്ടതാണ്. കൂടാതെ മുത്തൂറ്റിന്റെ വാടക കുടിശ്ശികയായ 11,432/- രൂപ അടവാക്കിയതിന്റെ രേഖകളും G3, G5 കടമുറികളുടെ വാടക ഡിപ്പോസിറ്റ് തുകയിൽ നിന്നും അഡ്ജസ്റ്റ് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 4/19.07.2023.

## 1-14 കെട്ടിടനികുതി തെറ്റായി നിർണ്ണയിച്ചിരിക്കുന്നു

ഗ്രാമ പഞ്ചായത്തിന് കീഴിലുള്ള 9-ാം വാർഡിലെ ശ്രീ. ഖാലിദ്കുട്ടി, അൻഷാദ് മൻസിൽ എന്ന വ്യക്തിയുടെ 1636.97 ച.മി ഉള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് 4 നമ്പരുകൾ അനുവദിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച് 9/1068 (396.15ച.മി.), 9/1069 (396.15ച.മി.), 9/1070 (396.15ച.മി.), 9/1071 (448.52ച.മി.) എന്നീ നമ്പരുകൾ അനുവദിച്ചിരിക്കുന്നു. എന്നാൽ നികുതി നിർണ്ണയിച്ചപ്പോൾ 9/1070 (396.15ച.മി.), 9/1071 (448.52ച.മി.) എന്നീ കടമുറികളെ 100 ച.മി. വരെ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള റസ്റ്റോറന്റ് ഷോപ്പുകൾ ഗോഡൗൺ എന്നിവയിൽ ഉൾപ്പെടുത്തി അടിസ്ഥാന വസ്തുനികുതി നിരക്ക് 50/- രൂപയായി തെറ്റായി നിജപ്പെടുത്തിയിരിക്കുന്നു.

ഗ്രാമപഞ്ചായത്തിലെ വാണിജ്യാടിസ്ഥാനത്തിലുള്ള 100 ചതുരശ്ര മീറ്ററിൽ കൂടുതൽ തറ വിസ്തീർണമുള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ എന്നീ ഗണങ്ങളിലുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി നിരക്ക് 60/- രൂപയായി നിശ്ചയിച്ചിട്ടുണ്ടെന്നിരിക്കെയാണ് 50/- രൂപയായി തെറ്റായി നിജപ്പെടുത്തിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിടത്തിന്റെ വസ്തു നികുതി വിവരങ്ങൾ | തെറ്റായിഈടാക്കിയ വസ്തു നികുതി | | ഈടാക്കേണ്ട വസ്തു നികുതി | |
|---|---|---|---|---|
| | 9/1070<br>396.15m $^2$ | 9/1071<br>448.52m $^2$ | 9/1070<br>396.15m $^2$ | 9/1071<br>448.52m $^2$ |
| അംഗീകരിച്ച അടിസ്ഥാന നികുതി നിരക്ക് | 50/- | 50/- | 60/- | 60/- |
| അടിസ്ഥാന വസ്തു നികുതി | 19807.5/- | 22426/- | 23769/- | 26911.2/- |
| മേഖലാടിസ്ഥാനത്തിലെ ഇളവ് (10%)(ദ്വിതീയം) | 1980.75/- (-) | 2242.6/- (-) | 2376.9/- (-) | 2691.12/- (-) |
| വഴിസൗകര്യം (5മീറ്ററിൽ കൂടുതൽ) അടിസ്ഥാനത്തിലുള്ള (20%) വർദ്ധനവ് | 3961.5/- (+) | 4485.2 (+) | 4753.8/- (+) | 5382.24/-(+) |
| തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള ( 15%) വർദ്ധനവ് | 2971.125/- (+) | 3363.9/-(+) | 3565.35/-(+) | 4036.68/-(+) |
| ഈടാക്കേണ്ട വസ്തു നികുതി | 24760/- | 28033/- | 29712/- | 33639/- |
| ബഹുനില കെട്ടിടത്തിന്റെ ഇളവ് | 1238/-<br>(ഒന്നാം നില -5%) | 1401.65/-<br>(ഒന്നാം നില -5%) | 1485.6/-<br>(ഒന്നാം നില -5%) | 3363.9/-<br>(കംപ്ലീഷനൻ പ്ലാൻ പ്രകാരം രണ്ടാം നില-10%) |
| വാർഷിക വസ്തു നികുതി | 23522/- | 26632/- | 28227/- | 30276/- |
| 5% L.C | 1177/- | 1332 | 1412/- | 1514/- |
| ആകെ | 24699/- | 27964/- | 29639/- | 31790/- |
| വ്യത്യാസം<br>9/1070 ( 396.15m $^2$ ) - 29639 -24699 = 4940/-<br>9/1071 (448.52m $^2$) - 31790 – 27964 = 3826/-<br>ആകെ വ്യത്യാസം = 4940+ 3826 = 8766/- രൂപ | | | | |

കെട്ടിടത്തിന്റെ വസ്തു നികുതി കണക്കാക്കിയതിൽ 8766/-രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി നിർണ്ണയത്തിൽ ഉണ്ടായ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും വസ്തു നികുതി മുൻകാല പ്രാബല്യത്തിൽ പുനർ നിർണ്ണയിച്ച് കുടിശ്ശിക ഉൾപ്പെടെ ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം. 3/18.07.2023

വരവ് നഷ്ടം - 8,766/- രൂപ

## 1-15 കെട്ടിടത്തിന് തെറ്റായ മേഖല നല്കി അടിസ്ഥാന വസ്തു നികുതിയിന്മേൽ ഇളവു നൽകി

ശ്രീ. ഡേവിഡ് തോമസ് പേരിൽ വാണിജ്യാവശ്യത്തിനുള്ള 157.83ച.മി. (16/1066) കെട്ടിടത്തിന് ദ്വിതീയ മേഖല, റോഡിന്റെ തരം 5 മീറ്ററിൽ കൂടുതൽ (ഓയൂർ-കൊട്ടാരക്കര റോഡ്) ആയി സ്ഥിതിചെയ്യുന്ന കെട്ടിടമായിക്കണ്ട് നികുതി നിർണ്ണയിച്ചിരിക്കുന്നു. എന്നാൽ ഈ കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാനിൽ 16/207 എന്ന നമ്പരുള്ള എക്സിസ്റ്റിംഗ് ബിൽഡിംഗ് നിലനിൽക്കുന്നുണ്ട്. എക്സിസ്റ്റിംഗ് ബിൽഡിംഗിന്റെ വിവരങ്ങൾ സഞ്ചയയിൽ പരിശോധിച്ചതിൽ ഈ കെട്ടിടം പ്രഥമ മേഖലയിൽ സ്ഥിതിചെയ്യുന്നതായാണ്

രേഖപ്പെടുത്തിയിരിക്കുന്നത്. 16/1066 നമ്പർ കെട്ടിടത്തിന് ദ്വിതീയ മേഖല എന്ന് തെറ്റായി രേഖപ്പെടുത്തി നികുതി ഇളവ് നൽകിയതായാണ് ഇതിൽ നിന്ന് വ്യക്തമാകുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിടത്തിന്റെ വസ്തു നികുതി വിവരങ്ങൾ | തെറ്റായി ഈടാക്കിയ വസ്തു നികുതി (₹) | ഈടാക്കേണ്ട വസ്തു നികുതി (₹) |
|---|---|---|
| അംഗീകരിച്ച അടിസ്ഥാന നികുതി നിരക്ക് | 60/- | 60/- |
| അടിസ്ഥാന വസ്തു നികുതി (157.83m2) | 9469.8/- | 9469.8/- |
| മേഖലാടിസ്ഥാനത്തിലെ ഇളവ് (10%) (ദ്വിതീയം) | 946.98/- (-)<br>(10%-ദ്വിതീയം) | ഇളവില്ല<br>പ്രഥമ മേഖല |
| മേൽക്കൂരയുടെ അടിസ്ഥാനത്തിലെ ഇളവ് (10%) | 946.98/- (-) | 946.98/- (-) |
| വഴിസൗകര്യം (5 മീറ്ററിൽ കൂടുതൽ) അടിസ്ഥാനത്തിലുള്ള (20%) വർദ്ധനവ് | 1893.96/- (+) | 1893.96/- (+) |
| ഈടാക്കേണ്ട വസ്തു നികുതി | 9470/- | 10417/- |
| 5% L.C | 498/- | 521/- |
| ആകെ | 9968/- | 10938/- |
| വ്യത്യാസം 10938 – 9968 = 970 /- രൂപ | | |

കെട്ടിടത്തിന്റെ വസ്തു നികുതി കണക്കാക്കിയതിൽ 970/-രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിൽ ഉണ്ടായ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും വസ്തു നികുതി മുൻകാല പ്രാബല്യത്തിൽ പുനർ നിർണ്ണയിച്ച് കുടിശ്ശിക ഉൾപ്പെടെ ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം.3 /18.07.2023

വരവ് നഷ്ടം - 970/- രൂപ

## 1-16 മുൻകൂർ കൈപ്പറ്റിയിട്ടും ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല.

ലൈഫ് ഭവന പദ്ധതി പ്രകാരം ആദ്യ ഗഡു കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ ഭവനനിർമ്മാണം ആരംഭിച്ച് തുടർഗഡുക്കൾ കൈപ്പറ്റിയിട്ടില്ല. വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | തുക (₹)/കൈപ്പറ്റിയ തീയതി |
|---|---|---|
| 1 | മുരളീധരൻ/ചന്ദ്രിക, റോഡുവിള വീട്, വെളിയം കോളനി | 40000/- (04.08.21) |
| 2 | രാജേന്ദ്രൻ കൊച്ചുരാമൻ, കുന്നുംപുറത്ത് വീട്, മാത്രൂർ | 40000/- (04.08.21) |
| 3 | ഇന്ദിര, അയണിക്കോട്, ഓടനാവട്ടം | 40000/- (26.03.21) |
| 4 | സുനിൽകുമാർ, ശ്രീദേവിവിലാസം, മുട്ടറ | 40000/- (26.03.21) |
| 5 | വസുമതി, കലാഭവൻ, ചെപ്ര | 40000/- (04.08.21) |

മേൽപരാമർശിച്ച ഗുണഭോക്താക്കൾ നാളിതുവരെ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല എങ്കിൽ അനുവദിച്ച തുക ആർ.ആർ. നടപടികളിലൂടെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 ചെലവഴിച്ച തുകയ്ക്ക് പൂർണ്ണമായും മരുന്നുകൾ ലഭ്യമാക്കിയില്ല.

പ്രോജക്ട് നം. 4/23
അടങ്കൽ : 14,00,000/-രൂപ (മെയിന്റനൻസ് ഗ്രാന്റ് – റോഡിതരം)
ചെലവ് : 14,00,000/-രൂപ
നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി.)
പ്രോജക്ട് : കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ

മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി.) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിക്കായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ എന്ന സ്ഥാപനത്തിന് ചുവടെ ചേർക്കും പ്രകാരം മുൻകൂർ തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ തുകയ്ക്ക് പൂർണ്ണമായും

മരുന്നുകൾ ലഭ്യമാക്കിയില്ല.

| ക്രമ നം. | അനുവദിച്ച തുക (₹)/തീയതി | ലഭ്യമായ മരുന്നിന്റെ വില (₹) | ലഭ്യമാകാൻ അവശേഷിക്കുന്ന മരുന്നിന്റെ വില (₹) |
|---|---|---|---|
| 1 | 554697/- 25.10.22 | 251494/- | 303203/- |
| 2 | 223256/- 20.10.22 | 111636/- | 111620/- |
| 3 | 517751/- 27.07.22 | 350919/- | 166832/- |
| 4 | 52764/- 14.09.22 | 31952/- | 20812/- |
| | ആകെ | | 602467/- |

ലഭ്യമാകാൻ അവശേഷിക്കുന്ന മരുന്നിന്റെ വിലയായ 6,02,467/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിൽ ചേർത്ത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക : 6,02,467 /- രൂപ

## 1-18 പ്രോജക്ട്- ചെലവ് ഫയലുകൾ ഹാജരാക്കിയില്ല.

ഡെയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 ൽ നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകളുടെ ചെലവ് രേഖകൾ ഓഡിറ്റ് വേളയിൽ ഹാജരാക്കിയില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് നം. 41

   പാലിന് സബ്സിഡി (S.o)

   ആകെ ചെലവ്- 64,629/-രൂപ (വികസന ഫണ്ട്- പൊതു വിഭാഗം)

2. പ്രോജക്ട് നം. 42

   കറവ പശുക്കൾക്ക് കാലിത്തീറ്റ (S.o)

   ആകെ ചെലവ്- 2,62,630/- (വികസന ഫണ്ട്- പൊതു വിഭാഗം)

മേൽ പരാമർശിച്ച പ്രോജക്ടുകളുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ 3,27,259/- (64269+262630) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

തടസ്സപ്പെടുത്തിയ തുക : 3,27,259/-രൂപ.

## 1-19 മുൻകൂറായി തുക നല്കി - മരുന്ന് ലഭിച്ചില്ല.

പ്രോജക്ട് നം. : 8/23

അടങ്കൽ : 1,50,000/-രൂപ (റോഡിതരം)

ചെലവ് : 1,50,000/-രൂപ (30/29.9.22)

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതി പ്രകാരം ഹോമിയോ മരുന്ന് വാങ്ങുന്നതിനായി പ്രോഫോർമാ ഇൻവോയ്സ് നമ്പർ PF226/13.9.22 പ്രകാരം 1,50,000/- രൂപ മുൻകൂറായി ഹോംകോയ്ക്ക് നൽകിയെങ്കിലും മരുന്ന് ലഭ്യമായില്ല.

മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിവരം അറിയിക്കുന്നതിന് നൽകിയ എൻക്വയറിക്ക് ഹോംകോയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും മരുന്ന് ലഭിക്കുന്ന മുറയ്ക്ക് രേഖകൾ ഹാജരാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. മരുന്നുകൾ ലഭ്യമാകാത്തതിനാൽ ഹോംകോയ്ക്ക് നൽകിയ 1,50,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക : 1,50,000/-രൂപ
ഓഡിറ്റ് എൻക്വയറി നം. : 7 / 18.7.2023

## 1-20 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല - ചെലവ് തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ഓഡിറ്റ് വർഷത്തിൽ ചുവടെപ്പറയുന്ന വിവിധ നിർവ്വഹണ ഏജൻസികൾക്ക് മുൻകൂറായി തുക നൽകിയെങ്കിലും വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.

| ക്ര.നം | പ്രോജക്ട് | തുക സ്വീകരിച്ച സ്ഥാപനം | തുക (₹) | ബിൽ നം. |
|---|---|---|---|---|
| 1 | ജീവനം ജില്ലാ വിഹിതം (SO 081/23)<br>അടങ്കൽ തുക - 200000/-രൂപ<br>(വികസനഫണ്ട്) | സെക്രട്ടറി,<br>ജില്ലാ പഞ്ചായത്ത്,<br>കൊല്ലം | 2,00,000/- | 85/3.9.22 |
| 2 | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ (19/23)<br>അടങ്കൽ തുക-1975000/- (CFC) | KSEB, വെളിയം | 9,87,500/- | 284/1.3.23 |
| 3 | പൊതു ടാപ്പുകൾ കട്ട് ചെയ്യുന്നതിന് അടവാക്കുന്ന തുക | കേരള വാട്ടർ അതോറിറ്റി | 57,947/- | 725105/<br>10.11.2022 |
| | | ആകെ | 12,45,447/- | |

വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കുന്നതിനായി നൽകിയ എൻക്വയറിക്ക് സ്ഥാപനങ്ങൾക്ക് കത്തു നൽകിയിട്ടുണ്ടെന്നും ആയത് ലഭിക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. വിനിയോഗ സാക്ഷ്യപത്രം/പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ലാത്തതിനാൽ 12,45,447/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നമ്പർ 7/23 തീയതി. 18.07.2023
തടസ്സപ്പെടുത്തിയ തുക : 12,45,447/- രൂപ

## 1-21 പഠനമുറി - വാല്യുവേഷൻ തുകയിലും അധികം നൽകി

| | |
|---|---|
| പ്രോജക്ട് നം | 85/23 |
| അടങ്കൽ | 24,00,000/-രൂപ (SCP) |
| ചെലവ് | 24,00,000/- രൂപ<br>(40,000/-രൂപ, ബിൽ നം.10/7.12.22<br>80,000/-രൂപ, ബിൽ നം.12/20.2.22<br>1,50,000/-രൂപ, 13/24.12.22<br>2,00,000/-രൂപ, 15/12.1.23<br>40,000/-രൂപ, 16/13.1.23<br>60,000/-രൂപ, 20/31.1.23<br>1,20,000/-രൂപ, 21/8.2.23<br>3,50,000/-രൂപ, 23/15.2.23<br>80,000/-രൂപ, 24/21.2.23<br>3,00,000/-രൂപ, 31/15.3.23<br>8,40,000/-രൂപ, 33/28.3.23<br>1,40,000/-രൂപ, 36/31.3.23) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

പഠനമുറി പ്രോജക്ട് പ്രകാരം എഗ്രിമെന്റ് വച്ച ഗുണഭോക്താക്കളിൽ 3 ഗുണഭോക്താക്കൾക്ക് വാല്യുവേഷൻ

തുകയിലും അധികമായി ആനുകൂല്യം നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | നൽകിയ തുക (₹) | വാല്യുവേഷൻ പ്രകാരമുള്ള തുക (₹) | അധികം നൽകിയത് (₹) |
|---|---|---|---|
| മിഥുല എം, കൃഷ്ണവിലാസം | 1,50,000/- | 1,14,400/- | 35,600/- |
| അപർണ്ണ്യ, പാലവിള പുത്തൻവീട് | 1,50,000/- | 90,200/- | 59,800/- |
| ബിപിൻരാജ്, രാജ്ജമന്ദിരം | 1,50,000/- | 1,18,400/- | 31,600/- |
| ആകെ | | | 1,27,000/- |

മേൽ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ ഹാജരാക്കുന്നതിനും വാല്യുവേഷൻ പ്രകാരമുള്ള തുകയിൽ അധികം നൽകാനുള്ള കാരണം വ്യക്തമാക്കുന്നതിനുമായി നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. വാല്യുവേഷൻ തുകയിൽ അധികമായി ഗുണഭോക്താക്കൾക്ക് നൽകിയ 1,27,000/-രൂപ ഗുണഭോക്താക്കളിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

എൻക്വയറി നം. 12 /18.7.2023

നിരാകരിച്ച തുക - 1,27,000/-രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസിസ്റ്റന്റ് സെക്രട്ടറി

## 1-22 കുടിവെള്ള വിതരണത്തിന് അധികം നൽകിയ തുക ഓഡിറ്റ് നിർദ്ദേശത്തെത്തുടർന്ന് തിരിച്ചടച്ചു.

പ്രോജക്റ്റ് നം. / പേര് – 27/23

അടങ്കൽ - 15,00,000/-രൂപ (CFC)

ചെലവ് – 13,79,241/-രൂപ (49/11.7.2022)

വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ കുടിവെള്ള വിതരണം നടത്തിയയിനത്തിൽ 7,121/-രൂപ അധികം നൽകി.

പ്രോജക്റ്റിനായി ടെണ്ടർ ക്ഷണിച്ചതിൽ ടാങ്കർ ലോറികളിൽ കുടിവെള്ള വിതരണം നടത്തുന്നതിന് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. സജീവ് എന്നയാളുടെ ടെണ്ടർ അംഗീകരിച്ചു. 01.03.2022 മുതൽ 31.05.2023 വരെ നടത്തിയ കുടിവെള്ള വിതരണം സംബന്ധിച്ച കുടിവെള്ള വിതരണ സ്റ്റേറ്റ്മെന്റ്, ട്രിപ്പ് ഷീറ്റ് എന്നിവ പരിശോധിച്ചതിൽ 3 ടാങ്കർ ലോറികളിലായി കിലോമീറ്ററിന് 81.40 രൂപ ക്രമത്തിൽ 16944 കിലോമീറ്റർ വാഹനം ഓടിയതിന്റെ തുകയായ 13,65,449/- രൂപ ശ്രീ. സജീവ് എന്നയാൾക്കും 13,792/- രൂപ ആദായനികുതിയിനത്തിലും ആകെ 13,79,241/- രൂപ ചെലവഴിച്ചു. (31.03.2022 വരെ 2,72,120/-രൂപയും 01.04.2022 മുതൽ 31.05.2022 വരെ 11,07,121/- രൂപയും )

കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതു സംബന്ധിച്ച സ.ഉ (സാധാ) നം. 652/2022 എൽ.എസ്.ജി.ഡി. തീയതി 16.3.2022 പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് കുടിവെള്ള വിതരണത്തിനായി 31.03.2022 വരെ ചെലവഴിക്കാവുന്ന തുക 5.5 ലക്ഷം രൂപയും 01.04.2022 മുതൽ 31.05.2022 വരെ ചെലവഴിക്കാവുന്ന പരമാവധി തുക 11,00,000/- രൂപയും മാത്രമാണ്. എന്നാൽ 1.4.2022 മുതൽ 31.5.2022 വരെ കാലയളവിൽ 11,07,121/- രൂപ ചെലവഴിച്ചിട്ടുണ്ട്. 7,121/-രൂപ അധികം അനുവദിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുന്നതിന് നൽകിയ എൻക്വയറിയുടെ അടിസ്ഥാനത്തിൽ 20.7.2023 ലെ രസീത് നം. 1230100949 പ്രകാരം തുക പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്.

## 1-23 തുമ്പൂർമൂഴി മാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തനക്ഷമമായില്ല.

| | |
|---|---|
| പ്രോജക്റ്റ് നം | 129/22 & 21/23 |
| അടങ്കൽ | 14,81,799/-രൂപ (21-22) |

| | |
|---|---|
| | 9,01,832/-രൂപ (22-23) (കേന്ദ്രാവിഷ്കൃത ഫണ്ട്) |
| ചെലവ് | 14,81,244/-രൂപ<br>(2,89,983/-രൂപ, ചെക്ക് നം. 652189/29.7.21<br>2,89,984/-രൂപ, ചെക്ക് നം. 652192/8.11.2021<br>3,29,553/-രൂപ, ചെക്ക്നം. 652201,202,203,204/15.6.22<br>5,71,724/-രൂപ, ചെക്ക് നം. 814283,84/27.3.2023) |

2021-22 & 2022-23 വർഷങ്ങളിൽ ഉറവിടമാലിന്യ സംസ്കരണം ലക്ഷ്യമാക്കി 14,81,244/-രൂപ ചെലവഴിച്ച് 6 സ്കൂളുകളിലായി സ്ഥാപിച്ച തുമ്പൂർമൂഴി മാലിന്യ സംസ്കരണ പ്ലാന്റ് നാളിതുവരെ പ്രവർത്തനക്ഷമമായില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഗ്രാമ പഞ്ചായത്തിലെ 6 സ്കൂളുകളിൽ (വെൽഫയർ യു പി എസ് വെളിയം, എൽ പി ജി എസ് പോങ്ങോട്, എൽ പി ജി എസ് വെളിയം വെസ്റ്റ്, എൽ പി ജി എസ് ചെപ്ര, എൽ പി ജി എസ് കളപ്പില, എൽ പി ജി എസ് ഓടനാവട്ടം) 2 ബിൻ തുമ്പൂർമൂഴി മോഡൽ എയ്റോബിക് കമ്പോസ്റ്റിംഗ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി സോഷ്യോ എക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷൻ കൊല്ലം എന്ന സ്ഥാപനവുമായി 02-06-2021 ൽ കരാറിൽ ഏർപ്പെട്ടു. ശുചിത്വമിഷൻ ഗ്രാന്റ് തുകയായ 5,79,967/- രൂപ 2021-22 ലും 9,01,277/- രൂപ 2022-23 ലും ചെലവഴിച്ച് നിർമ്മാണം പൂർത്തീകരിച്ചു.

വെളിയം വെൽഫയർ യു പി എസിൽ സ്ഥലപരിമിതിയുള്ളതിനാൽ തുമ്പൂർമൂഴി മോഡൽ വേസ്റ്റ് ബിൻ സ്ഥാപിക്കുന്നതിന് സാധിക്കുന്നില്ലെന്ന് സോഷ്യോ എക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷൻ അറിയിച്ചതിനെതുടർന്ന് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 10.8.22 ലെ 4(7) തീരുമാനപ്രകാരം വെളിയം TVTMHS ലേക്ക് മാറ്റി സ്ഥാപിക്കുന്നതിന് തീരുമാനിച്ചു. TVTMHS ഉൾപ്പെടെയുള്ള 6 സ്കൂളുകളിലും പ്രവൃത്തി പൂർത്തീകരിച്ചതായി സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്. എന്നാൽ 19.7.2023 ൽ എൽ പി ജി എസ്, പോങ്ങോട്, എൽ പി ജി എസ്, വെളിയം വെസ്റ്റ് എന്നീ സ്കൂളുകളിലും 20.7.23 തീയതിയിൽ TVTMHS, വെളിയം, എൽ പി ജി എസ്, ഓടനാവട്ടം എന്നീ സ്കൂളുകളിലും ഓഡിറ്റ് ടീം നടത്തിയ പ്രാദേശിക പരിശോധനയിൽ കമ്പോസ്റ്റ് യൂണിറ്റ് മാലിന്യസംസ്കരണത്തിന് ഉപയോഗിക്കുന്നില്ല എന്ന ബോധ്യപ്പെട്ടിട്ടുണ്ട്. സ്കൂളുകളിൽ സ്ഥാപിച്ച എയറോബിക്സ് കമ്പോസ്റ്റ് യൂണിറ്റുകളുടെ പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുന്നതിന് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമായില്ല. ഉറവിട മാലിന്യ സംസ്കരണം ലക്ഷ്യമിട്ട് പ്ലാന്റുകൾ നിർമ്മിച്ചെങ്കിലും പദ്ധതി ലക്ഷ്യപ്രാപ്തിയിലെത്തിയില്ല. ആയതിനാൽ ഈയിനത്തിൽ 2022-23 ൽ നടത്തിയ 9,01,277/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. (2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖ. നം. 1-19 ൽ 2021-22 ലെ ചെലവു സംബന്ധിച്ച് പരാമർശിച്ചിട്ടുണ്ട്.)

പ്ലാന്റുകളുടെ പ്രവർത്തനം ആരംഭിച്ച് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 11/18.7.23
തടസ്സപ്പെടുത്തിയ തുക - 9,01,277/-രൂപ
നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

## 1-24 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല.

2022-23 ൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 8,38,56,500/-രൂ. വകയിരുത്തി 172900 തൊഴിൽ ദിനങ്ങൾ ലക്ഷ്യമിട്ട് ആക്ഷൻ പ്ലാൻ അംഗീകരിച്ചിരുന്നു. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ 169940 തൊഴിൽ ദിനങ്ങൾ (98.29%) സൃഷ്ടിക്കാൻ കഴിഞ്ഞതായി കാണുന്നു. വിവിധ പ്രവൃത്തികൾക്കായി 7,32,04,221/-രൂ. ചെലവഴിച്ചിട്ടുണ്ട് (വകയിരുത്തിയ തുകയുടെ 87.29%). 100 ദിനം തൊഴിൽ ലഭ്യമായ കുടുംബങ്ങളുടെ എണ്ണം 1159 ആണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി ഇനം | ആക്ഷൻപ്ലാൻ പ്രകാരം ലക്ഷ്യമിട്ട എണ്ണം | ഏറ്റെടുത്ത പ്രവൃത്തികളുടെ എണ്ണം | പൂർത്തീകരിച്ച പ്രവൃത്തികളുടെ എണ്ണം | പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ എണ്ണം | ആക്ഷൻപ്ലാൻ പ്രകാരം ലക്ഷ്യമിട്ട പ്രവൃത്തികളിൽ പൂർത്തീകരിച്ചവയുടെ |
|---|---|---|---|---|---|---|

| | | | | | | ശതമാനം |
|---|---|---|---|---|---|---|
| 1 | മണ്ണ് ജല സംരക്ഷണ പ്രവൃത്തികൾ | 259 | 91 | 64 | 27 | 24.7 |
| 2 | വ്യക്തിഗത പ്രവൃത്തികൾ | 248 | 136 | 73 | 63 | 29.43 |
| 3 | റോഡ് നിർമ്മാണം | 43 | 22 | 2 | 20 | 4.65 |
| 4 | ഭൂവികസനം | 132 | 20 | 12 | 8 | 9.09 |
| 5 | വൃക്ഷത്തൈ നടീൽ | 32 | 6 | 0 | 6 | 0 |
| 6 | ശുചിമുറി | 10 | 1 | 0 | 1 | 0 |

ഫണ്ടിന്റെ അപര്യാപ്തത മൂലമാണ് പ്രവൃത്തികൾ പൂർത്തിയാക്കാൻ സാധിക്കാഞ്ഞത് എന്നും, ആയത് ലഭ്യമാകുന്ന മുറയ്ക്ക് എല്ലാ പ്രവൃത്തികളും സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട്. അംഗീകൃത ആക്ഷൻ പ്ലാൻ പ്രകാരമുള്ള പദ്ധതി നടത്തിപ്പിന്റെ ലക്ഷ്യം കൈവരിക്കാനുള്ള കാര്യക്ഷമമായ നടപടികൾ അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

## 1-25 നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാർ വച്ചില്ല - പിഴ ഈടാക്കിയില്ല - 10,404/-രൂ.

PWD Manual, ഖ. 2009.6 പ്രകാരം, സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാർ തുക (PAC) യുടെ 1% (മിനിമം 1000/-രൂപ) പിഴ ഈടാക്കി കരാറുടമ്പടി വയ്ക്കാവുന്നതാണ്. 14 ദിവസവും പിഴയോടുകൂടിയ 10 ദിവസവും കഴിഞ്ഞ് കരാർ വയ്ക്കാത്ത പക്ഷം കരാർ റദ്ദാക്കണം, EMD കണ്ടുകെട്ടി ടെണ്ടർ നിബന്ധനകളിലെ മറ്റ് വ്യവസ്ഥകൾ പ്രകാരമുള്ള നടപടികളും സ്വീകരിക്കണം. എന്നാൽ, അസി.എഞ്ചിനീയർ തൻവർഷം നിർവഹിച്ച ചുവടെ ചേർക്കുന്ന പ്രവൃത്തിയുടെ എഗ്രിമെന്റ് നിയമാനുസൃത കാലയളവിനുള്ളിൽ ചമയ്ക്കാതിരുന്നിട്ടും, കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)

| | |
|---|---|
| പ്രോജക്ട് നമ്പർ | 54/23 (157/22 ന്റെ സ്പിൽ ഓവർ) |
| പ്രോജക്ടിന്റെ പേര് | ചാവരുകാവ് റോഡ് കോൺക്രീറ്റിംഗ് |
| അടങ്കൽ തുക | 50,000/- രൂ. (Plan-General) |
| കരാറുകാരൻ | ശ്രീ. സുരേഷ് കുമാർ ജി. ( E/R) |
| പി.എ.സി. | 46,968/-രൂ. |
| സെലക്ഷൻ നോട്ടീസ് തീയതി | 17.2.2021 |
| പിഴ കൂടാതെ എഗ്രിമെന്റ് വയ്ക്കാവുന്ന അവസാന തീയതി | 31.12.2021 |
| എഗ്രിമെന്റ് നം/തീയതി | 34/AE/LSGD/VLM/21-22/ 4.1.2022 |
| ഈടാക്കേണ്ട പിഴ(പി.എ.സി.യുടെ 1%) | 1,000/-രൂ.(മിനിമം) |

2)

| | |
|---|---|
| പ്രോജക്ട് നമ്പർ | 56/23 (163/22 ന്റെ സ്പിൽ ഓവർ) |
| പ്രോജക്ടിന്റെ പേര് | കലയക്കോട് അംഗനവാടി ചുറ്റുമതിൽ നിർമ്മാണം |
| അടങ്കൽ തുക | 3,00,000/- രൂ. (Plan-General) |
| കരാറുകാരൻ | ശ്രീ. സുരേഷ് കുമാർ ജി. ( E/R) |
| പി.എ.സി. | 2,62,130/-രൂ. |

| | |
|---|---|
| സെലക്ഷൻ നോട്ടീസ് തീയതി | 17.2.2021 |
| പിഴ കൂടാതെ എഗ്രിമെന്റ് വയ്ക്കാവുന്ന അവസാന തീയതി | 31.12.2021 |
| എഗ്രിമെന്റ് നം/തീയതി | 33/AE/LSGD/VLM/21-22/ 4.1.2022 |
| ഈടാക്കേണ്ട പിഴ (പി.എ.സി.യുടെ 1%) | 2,621/-രൂ. |

3)

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 55/23 (161/22 ന്റെ സ്പിൽ ഓവർ) |
| പ്രോജക്ടിന്റെ പേര് | വെളിയം കോളനി ഉദയഗിരി പുഞ്ചിലക്കാട്ട് പരുത്തിയറ ഏലാ റോഡ് സൈഡ് കെട്ടി സംരക്ഷണം |
| അടങ്കൽ തുക | 4,00,000/- രൂ. (Plan-General) |
| കരാറുകാരൻ | ശ്രീ. ഷാജി എം. എസ്. ( E/R) |
| പി.എ.സി. | 3,76,950/-രൂ. |
| സെലക്ഷൻ നോട്ടീസ് തീയതി | 17.2.2021 |
| പിഴ കൂടാതെ എഗ്രിമെന്റ് വയ്ക്കാവുന്ന അവസാന തീയതി | 31.12.2021 |
| എഗ്രിമെന്റ് നം/തീയതി | 29/AE/LSGD/VLM/21-22/ 4.1.2022 |
| ഈടാക്കേണ്ട പിഴ(പി.എ.സി.യുടെ 1%) | 3,769/-രൂ. |

4)

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 53/23 (82/22 ന്റെ സ്പിൽ ഓവർ) |
| പ്രോജക്ടിന്റെ പേര് | ചെന്നാപ്പാറ ഇടപ്പാക്കോണം ക്ഷേത്രം റോഡ് കോൺക്രീറ്റിംഗ് |
| അടങ്കൽ തുക | 3,17,409/- രൂ. (Plan-General) |
| കരാറുകാരൻ | ശ്രീ. അശോകൻ വി. ( E/R) |
| പി.എ.സി. | 3,01,458/-രൂ. |
| സെലക്ഷൻ നോട്ടീസ് തീയതി | 17.2.2021 |
| പിഴ കൂടാതെ എഗ്രിമെന്റ് വയ്ക്കാവുന്ന അവസാന തീയതി | 31.12.2021 |
| എഗ്രിമെന്റ് നം/തീയതി | 30/AE/LSGD/VLM/21-22/ 4.1.2022 |
| ഈടാക്കേണ്ട പിഴ(പി.എ.സി.യുടെ 1%) | 3,014/-രൂ. |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 16/20.7.2023) മറുപടിയിൽ പ്രസ്തുത പ്രവൃത്തികളുടെ സെലക്ഷൻ നോട്ടീസ് സോഫ്റ്റ് വെയറിൽ നേരത്തെ തയ്യാറാക്കിയിരുന്നതാണെന്നും, ടെണ്ടർ എക്സസ് ഉള്ള പ്രവൃത്തികൾ ആയതിനാൽ ജില്ലാ ടെക്നിക്കൽ സമിതിയുടെ അംഗീകാരം ലഭിക്കാൻ താമസം ഉണ്ടായതിനാൽ 4 ദിവസം വൈകി മാത്രമാണ് കരാറുകാരന് നൽകാനായതെന്നും, ആയതിനാലാണ് എഗ്രിമെന്റ് വയ്ക്കാൻ 4 ദിവസത്തെ കാലതാമസം ഉണ്ടായിട്ടുള്ളതെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ മറുപടിയെ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല. ജില്ലാ ടെക്നിക്കൽ സമിതിയുടെ അംഗീകാരം ലഭിക്കാതെ സെലക്ഷൻ നോട്ടിസ് സോഫ്റ്റ് വെയറിൽ നേരത്തെ തയ്യാറാക്കിയ നടപടി ക്രമപ്രകാരമല്ല. ആയതിനാൽ ക്രമ നമ്പർ (1) മുതൽ (4) വരെയുള്ള പ്രവൃത്തികളിലെ പിഴയിനത്തിലുള്ള 10,404/-രൂ. ഉത്തരവാദിയായ നിർവഹണോദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി പഞ്ചായത്ത്ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

## 1-26 ഇ-ടെണ്ടർ ഫാറവില തിരികെ ഈടാക്കിയില്ല.

ഇ- ടെണ്ടർ ഫാറ വില ഇനത്തിൽ കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ളതും, വെളിയം ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കാനുള്ളതുമായ തുകയുടെ സാമ്പത്തിക വർഷം തിരിച്ചുള്ള വിവരം അസി. എഞ്ചിനീയർ ലഭ്യമാക്കിയിട്ടുള്ളത് ചുവടെ ചേർക്കുന്നു.

| ക്രമ നം. | സാമ്പത്തിക വർഷം | തുക (രൂ) |
|---|---|---|
| 1 | 2020-21 | 70,735/- |
| 2 | 2021-22 | 71,169/- |
| 3 | 2022-23 (11/2022 വരെ) | 57,560/- |
| ആകെ | | 1,99,464/- |

വെളിയം ഗ്രാമപഞ്ചായത്ത് അസി. എഞ്ചിനീയറുടെ (LSGD) അക്കൗണ്ടിൽ (A/c No. 37744771882, SBI, ഓടനാവട്ടം) 12/2022 മുതൽ 3/2023 വരെ ക്രെഡിറ്റ് വന്ന തുക 29,630/- രൂപയാണ്.

ഇ- ടെണ്ടർ ഫാറ വില ഇനത്തിൽ കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ അവശേഷിക്കുന്ന 1,99,464/- രൂപയും, അസി. എഞ്ചിനീയറുടെ (LSGD) അക്കൗണ്ടിൽ അവശേഷിക്കുന്ന 29,630/- രൂപയും ഉൾപ്പെടെ ആകെ 2,29,094/-രൂ. പഞ്ചായത്ത് ഫണ്ടിൽ ഒടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-27 എഫ്.എച്ച്.സി. ഫണ്ടിൽ നിന്നും മറ്റൊരു കെട്ടിടത്തിന്റെ ലാന്റ് ഫോൺ ബിൽ തുക ഒടുക്കി.

പ്രോജക്ട് നം. 159/23.
അടങ്കൽ – 3,00,000/-രൂപ (മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം).
ചെലവ് – 2,99,939/-രൂപ (മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം).
നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി.

എഫ്.എച്ച്.സി.യുടേയും സബ്സെന്ററുകളുടെയും അനുബന്ധ ചെലവുകൾ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി എഫ്.എച്ച്.സി. യുടെ ലാൻഡ് ഫോൺ നമ്പറിന്റെ ബില്ലിനോടൊപ്പം മെഡിക്കൽ ഓഫീസറുടെ വ്യക്തിഗത (0474-2992787) ലാൻഡ് ഫോൺ നമ്പറിന്റെയും 2021-22, 2022-23 കാലയളവിലെ ബിൽ തുക ഒടുക്കിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തെ ലാന്റ് ഫോൺ നമ്പറിന്റെ ബിൽ ഇനത്തിൽ 6,916/- രൂപയും 2022-23 സാമ്പത്തിക വർഷത്തെ ബിൽ ഇനത്തിൽ 5,312/- രൂപയും ഒടുക്കിയിട്ടുണ്ട്. മെഡിക്കൽ ഓഫീസറുടെ സ്വന്തം പേരിലുള്ള ലാൻഡ് ഫോൺ ബില്ലിന്റെ തുക എഫ്.എച്ച്.സി. ഫണ്ടിൽ നിന്നും ഒടുക്കിയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മെഡിക്കൽ ഓഫീസറുടെ പേരിലുള്ള ലാന്റ് ഫോൺ ബിൽ ഇനത്തിൽ ചെലവഴിച്ച 12,228/- രൂപ തിരികെ ഒടുക്കു വരുത്തേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. – 10/19.07.2023.
നിരാകരിക്കുന്ന തുക – 12,228/-രൂപ.

## 1-28 എഫ്.എച്ച്.സി.യുടെ കറന്റ് ബില്ലിനൊപ്പം കുടിശ്ശിക ഒടുക്കാനിടയായതിന് വിശദീകരണം ലഭ്യമാക്കിയില്ല.

മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി.) നടപ്പാക്കിയ പ്രോജക്ട് നം. 159 (എഫ്.എച്ച്.സി.യുടെയും അനുബന്ധ സ്ഥാപനങ്ങളുടെയും കണ്ടിജൻസി ചെലവുകൾ) ൽ എഫ്.എച്ച്.സി. യുടെ കറന്റ് ബില്ലിനോടൊപ്പം ഒടുക്കിയ തുകയിൽ ആഗസ്റ്റ് 2021 ൽ 12,086/-രൂപ, ഒക്ടോബർ 2021 ൽ 11,937/-രൂപ, ജൂൺ 2022 ൽ 8,376/-രൂപ, ജൂലൈ 2022 ൽ 89/-രൂപ എന്നിങ്ങനെ കുടിശ്ശിക ഇനത്തിൽ തുക ഒടുക്കിയിട്ടുണ്ട്. കുടിശ്ശിക ഒടുക്കുവാനിടയായ സാഹചര്യം വിശദീകരിക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. വസ്തുതാപരമായ വിശദീകരണം ലഭ്യമാക്കാത്ത പക്ഷം ഈ ഇനത്തിൽ ചെലവഴിച്ച തുക തിരികെ ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്.

## 1-29 ഹരിത കർമ്മസേന അവലോകനം

ഗ്രാമപഞ്ചായത്തിൽ 19 വാർഡുകളിലും ഹരിത കർമ്മസേന പ്രവർത്തിച്ചു വരുന്നുണ്ട്. പത്തൊമ്പതു വാർഡുകളിലായി 9477 വാസഗൃഹങ്ങളും 1334 വാണിജ്യകെട്ടിടങ്ങളും പ്രവർത്തിച്ച് വരുന്നു. ഈ കെട്ടിടങ്ങളിൽ മുഴുവനായും ക്യൂ.ആർ. കോഡ് പതിപ്പിക്കുകയും ഹരിതകർമ്മസേന പ്രവർത്തനത്തിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഓരോ വാർഡിലും രണ്ട് വീതം ഹരിതകർമ്മസേന അംഗങ്ങൾ പ്രവർത്തിച്ചു വരുന്നു. എല്ലാ വാർഡുകളിലും മിനി എം.സി.എഫുകൾ രണ്ടെണ്ണം വീതം നിലവിലുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിയിൽ മെയിൻ എം.സി.എഫ്. നിലവിൽ പ്രവർത്തിക്കുന്നില്ല. ആറാം വാർഡിൽ സ്ഥിതി ചെയ്യുന്ന മൃഗാശുപത്രി

കോമ്പൗണ്ടിൽ എ.ബി.സി. പ്രോഗ്രാമിനായി നിർമ്മിച്ച കെട്ടിടത്തിലാണ് നിലവിൽ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ സൂക്ഷിക്കുന്നത്. അതുമൂലം മൃഗാശുപത്രിയുടെ എ.ബി.സി. പ്രോഗ്രാം അടക്കമുള്ള പ്രവർത്തനങ്ങൾക്ക് തടസ്സം ഉണ്ടാകുന്നുണ്ട്. പതിന്നാലാം വാർഡിൽ എം.സി.എഫ്.നായി നിലവിലെ കുടിവെള്ള പദ്ധതിയുടെ കോൺക്രീറ്റ് ടാങ്കിന്റെ താഴെയുള്ള ഭാഗം ഭാഗികമായി രൂപപ്പെടുത്തിയിട്ടുണ്ട്. എങ്കിലും ആയത് പൂർണ്ണമായും പ്രവർത്തനക്ഷമമായിട്ടില്ല.



നിലവിൽ എം.സി.എഫിൽ ബെയിലിംഗ്, ഷ്രെഡിംഗ് യൂണിറ്റുകൾ ഇല്ല. ആയത് സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. മാലിന്യ നിർമ്മാർജ്ജനത്തിന് ഗ്രീൻടെക് എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഈ സ്ഥാപനം കൃത്യമായി മാലിന്യം നീക്കം ചെയ്തു വരുന്നു. ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മ സേനാംഗങ്ങൾക്ക് പ്രതിമാസം ശരാശരി 8,000/- രൂപ നിരക്കിൽ വരുമാനം ലഭിച്ചു വരുന്നു. ഹരിത കർമ്മസേനയ്ക്കായി വാഹനം, ഓഫീസ്, അനുബന്ധ ഉപകരണങ്ങൾ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. ഹരിത കർമ്മസേനാ പ്രവർത്തനങ്ങളുടെ മോണിട്ടറിംഗ് കൃത്യമായി നടന്നു വരുന്നു. ഇതിനായി എല്ലാ മാസവും കൃത്യമായി ക്ലസ്റ്റർ മീറ്റിംഗും പഞ്ചായത്തുതല മീറ്റിംഗും നടത്താറുണ്ട്.

നിർദ്ദേശങ്ങൾ

1. ഒരു പഞ്ചായത്തിലെ കെട്ടിട നികുതി ഡിമാന്റ് ചെയ്ത് ഈടാക്കും പോലെ വർഷത്തിന്റെ ആരംഭത്തിൽ തന്നെ യൂസർ ഫീ ഈടാക്കി കൺസോഷ്യത്തിന് കൈമാറുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ തലത്തിൽ സ്വീകരിക്കാവുന്നതാണ്.

2. വ്യാപാരി വ്യവസായികളുടെ വിറ്റുവരവിനു അനുസൃതമായി യൂസർഫീ ഈടാക്കുന്നതിന് സർക്കാർ തലത്തിൽ നടപടികൾ സ്വീകരിക്കാവുന്നതാണ്.

3. പഞ്ചായത്ത് തലത്തിൽ ബെയ്‌ലിംഗ് യൂണിറ്റ്, ഷ്രഡിംഗ് യൂണിറ്റ് എന്നിവ സ്ഥാപിക്കാവുന്നതാണ്.
4. MLP, LEGACY മാലിന്യങ്ങൾ എല്ലാ മാസവും നീക്കം ചെയ്യപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.
5. പഞ്ചായത്ത് തലത്തിൽ പരാതിപരിഹാരസെൽ രൂപീകരിക്കാവുന്നതാണ്.
6. ജൈവമാലിന്യങ്ങൾ വളമാക്കി മാറ്റി വിതരണം ചെയ്യുന്നതിന് സംവിധാനങ്ങൾ നടപ്പാക്കാവുന്നതാണ്.
7. ഹരിതകർമസേനകലണ്ടർ പ്രകാരം കൃത്യമായി മാലിന്യങ്ങൾ നീക്കം ചെയ്യപ്പെടുന്നുണ്ടെന്നും യഥാസമയം ഏജൻസികൾക്ക് കൈമാറുന്നുവെന്നും ഉറപ്പാക്കേണ്ടതാണ്.

## 1-30 റിംഗിന്റെ വ്യാപ്തം, സെന്ററിംഗ് & ഷട്ടറിംഗ്, മെറ്റൽ ഫില്ലിംഗ് എന്നിവയുടെ അളവുകൾ കണക്കാക്കിയതിൽ വ്യത്യാസം - 3,929/-രൂപയുടെ ചെലവ് നിരാകരിക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 61/23 (185/22-ന്റെ സ്പിൽ ഓവർ) |
| പ്രോജക്റ്റിന്റെ പേര് | കടവട്ടൂർ മുരളി സ്മാരക മന്ദിരം-ജലസൗകര്യം ഒരുക്കൽ |
| നിർവഹണം | അസി.എഞ്ചിനീയർ |
| അടങ്കൽ തുക | 2,80,000/-രൂ. (CFC) |
| കരാറുകാരൻ | ശ്രീ. സതീശൻ എൻ (E/R) |

| | |
|---|---|
| എഗ്രിമെന്റ് നം/തീയതി | 45/AE/LSGD/VLM/21-22/22.2.2022 |
| ബിൽ നം./തീയതി, തുക | 163/22-23/5.12.2022, 2,65,645/- രൂ. |
| എം. ബുക്ക് നമ്പർ | 20/22-23 |

പ്രോജക്ട് ഫയൽ, എം. ബുക്ക് എന്നിവ പരിശോധിച്ചതിൽ, 0.90m ആരവും, 4m ആഴവുമുള്ള കിണർ നിർമ്മിച്ചിട്ടുള്ളതായി കാണുന്നു. കിണറിന്റെ ആരത്തിന് തുല്യമായി 0.90m ബാഹ്യ ആരവും, 0.10m കനവുമുള്ള (ആന്തര ആരം-0.80m) കോൺക്രീറ്റ് റിംഗുകൾ 4m ആഴത്തിൽ കിണറിനുള്ളിൽ ഇറക്കി വച്ചതായി എം.ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു. കൂടാതെ റിംഗിന്റെ പുറം ഭിത്തിക്കും, കിണറിന്റെ അകംഭിത്തിക്കും ഇടയിൽ 0.10m സ്ഥലം ഉണ്ടെന്നു കണക്കാക്കി 4m ആഴത്തിൽ മെറ്റൽ ഫില്ലിംഗ് നടത്തിയിട്ടുള്ളതായും എം.ബുക്കിൽ രേഖപ്പെടുത്തി കരാറുകാരന് തുക നൽകിയിട്ടുണ്ട്.

0.90m ആരമുള്ള കിണറിന്റെ അകംഭിത്തിക്കും, റിംഗിന്റെ ബാഹ്യ ഭിത്തിക്കും ഇടയിൽ 0.10m അകലം വരത്തക്കവിധം റിംഗുകൾ ഇറക്കിവച്ചാൽ റിംഗിന്റെ ബാഹ്യആരം 0.80m, ആന്തര ആരം 0.70m എന്ന ക്രമത്തിൽ (കനം 0.10m) മാത്രമേ കണക്കാക്കാൻ കഴിയുകയുള്ളൂ. കൂടാതെ റിംഗിന്റെ പുറം ഭിത്തിക്കും, കിണറിന്റെ അകംഭിത്തിക്കും ഇടയിലുള്ള മെറ്റൽ കോളത്തിന്റെ ബാഹ്യആരം 0.90m, ആന്തര ആരം 0.80m (കനം 0.10m), ആഴം 4m എന്ന ക്രമത്തിലും കണക്കാക്കി വേണമായിരുന്നു അതിന്റെ വ്യാപ്തം നിർണ്ണയിക്കേണ്ടിയിരുന്നത്. തെറ്റായ അളവു നിർണ്ണയത്തിലൂടെ കരാറുകാരന് അധികം തുക നൽകിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

എ) റിംഗിന്റെ വ്യാപ്തം

എസ്റ്റിമേറ്റ് ഇനം 8 (എം. ബുക്ക് പേജ് നം. 8) പ്രകാരം 16 കോൺക്രീറ്റ് റിംഗുകളുടെ വ്യാപ്തം ചുവടെ ചേർക്കുന്ന വിധം കണക്കാക്കി തുക നൽകിയിട്ടുണ്ട്.

16x3.14x1.7x0.1x0.25 = 2.13m3

2.13m3 @8718.71/m3 = 18570.85 രൂ.

അനുവദനീയമായ വ്യാപ്തവും തുകയും താഴെ ചേർക്കും വിധം കണക്കാക്കാവുന്നതാണ്.

16x3.14x(0.80+0.70)x0.1x0.25 = 1.884m3

1.884m3 @8718.71/m3 = 16426/- രൂ.

അധികം നൽകിയ തുക = 18570.85-16426 = 2,145/-രൂ.

ബി) സെന്ററിംഗ് & ഷട്ടറിംഗ്

എസ്റ്റിമേറ്റ് ഇനം 7 ( എം. ബുക്ക് പേജ് നം. 7) പ്രകാരം 16 കോൺക്രീറ്റ് റിംഗുകളുടെ സെന്ററിംഗ് & ഷട്ടറിംഗ് ചുവടെ ചേർക്കുന്ന വിധം കണക്കാക്കി തുക നൽകിയിട്ടുണ്ട്.

32x3.14x1.7x0.25 = 42.7m2

42.7m2 @254.38/m2 = 10862.02 രൂ.

അനുവദനീയമായ അളവും തുകയും താഴെ ചേർക്കും വിധം കണക്കാക്കാവുന്നതാണ്.

32x3.14x(0.80+0.70)x0.25 = 37.68m2

37.68m2 @254.38/m2 = 9,585/- രൂ.

അധികം നൽകിയ തുക = 10862.02-9585 = 1,277/-രൂ.

സി) മെറ്റൽ ഫില്ലിംഗ്

എസ്റ്റിമേറ്റ് ഇനം 9 (എം. ബുക്ക് പേജ് നം. 8) പ്രകാരം കോൺക്രീറ്റ് റിംഗുകൾക്കും കിണറിന്റെ അകം ഭിത്തിക്കും ഇടയിലുള്ള സ്ഥലം മെറ്റൽ ഫില്ലിംഗ് നടത്തിയതിന് ചുവടെ ചേർക്കുന്ന വിധം അളവ് കണക്കാക്കി തുക നൽകിയിട്ടുണ്ട്.

3.14x1.9x0.1x4 = 2.38m3

2.38m3 @2071.82/m3 = 4930.93 രൂ.

അനുവദനീയമായ അളവും തുകയും താഴെ ചേർക്കും വിധം കണക്കാക്കാവുന്നതാണ്.

3.14x(0.80+0.90)x0.1x4 = 2.1352m3

2.1352m3 @2071.82/m3 = 4,424രൂ.

അധികം നൽകിയ തുക = 4930.93-4424 = 507/-രൂ.

ഇനം (എ), (ബി), (സി) എന്നിവ പ്രകാരം അധികം നൽകിയ ആകെ തുക 3,929/- രൂ. ഓഡിറ്റിൽ നിരാകരിക്കുന്നു.

തുക കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ നിർവഹണോദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/20.7.23) ലഭ്യമാക്കിയ മറുപടിയിൽ കിണറിന്റെ വ്യാസം 2m ആയിരുന്നുവെന്നും എം.ബുക്കിൽ അത് തെറ്റായി 1.8m എന്ന് രേഖപ്പെടുത്തിയതു മൂലമാണ് ഇത്തരത്തിൽ വ്യത്യാസം വന്നതെന്നും പരാമർശിച്ചിരിക്കുന്നു. എന്നാൽ 19.7.23-ൽ നടത്തിയ സ്ഥലപരിശോധനയിൽ റിംഗ് സ്ഥാപിച്ചതിനുശേഷമുള്ള നിലവിലെ കിണറിന്റെ റിംഗിന്റെ കനം ഉൾപ്പെടെയുള്ള ആന്തര ആരം 0.80m (ആന്തരവ്യാസം 1.60m) എന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. 0.10m കനത്തിൽ മെറ്റൽ ഫില്ലിംഗിന്റെ സ്ഥലം കൂടി കണക്കിലെടുക്കുമ്പോൾ കിണർ കുഴിച്ചിട്ടുള്ളത് 1.8m വ്യാസത്തിൽ (ആരം 0.90m) തന്നെയാണ് എന്ന് വ്യക്തമാകുന്നു. ആയതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല. അധികം ചെലവഴിച്ച തുക തിരിച്ചടയ്ക്കേണ്ടതാണ്.
നിരാകരിച്ച തുക – 3,929/-രൂപ

## 1-31 പ്രോജക്ട് നമ്പർ-64/23- റോഡ് കണക്ടിവിറ്റി മാപ്പിംഗ് -പ്രോജക്ട് പൂർത്തീകരിച്ചില്ല - തടസ്സപ്പെടുത്തുന്ന ചെലവ് - 11,840/-രൂപ.

അസി. എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായി 2021-22 ൽ വിഭാവനം ചെയ്ത പ്രസ്തുത പ്രോജക്ടിന് തനതുഫണ്ടിൽ നിന്നും 57,000/-രൂ. അടങ്കൽ നിശ്ചയിച്ചിരുന്നു. 2021-22 ൽ പ്രോജക്ടിനായി 29,600/- രൂ. ചെലവഴിച്ചു (ചെക്ക് നം. 031350/10.3.22). ബാക്കി തുകയായ 27,400/- രൂപയ്ക്കാണ് 2022-23 വർഷം പ്രോജക്ട് അടങ്കൽ വകയിരുത്തിയത്. 2022-23 വർഷത്തെ ചെലവ് 11,840/- രൂപയാണ് (ചെക്ക് നം.032646/1.9.22 ). പ്രോജക്ടിന്റെ നാളിതുവരെയുള്ള ആകെ ചെലവ് 41,440/- രൂപ.

വെളിയം ഗ്രാമപഞ്ചായത്തിലെ 1 മുതൽ 19 വരെയുള്ള വാർഡുകളിലെ റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനാവശ്യമായ വിവരങ്ങൾ ശേഖരിച്ച് ആർ-ട്രാക്ക് ആപ്പിൽ ഉൾപ്പെടുത്തി രണ്ടു മാസത്തിനകം പൂർത്തീകരിക്കുമെന്നും, ആയതിനുള്ള പ്രതിഫലം വാർഡ് ഒന്നിന് 3,000/- രൂ. നിരക്കിൽ അംഗീകരിച്ചും കരാറുകാരായ ശ്രീ. അഭിരാം, ശ്രീ. മിഥുൻ എന്നിവർ ചേർന്ന് സമ്മതപത്രം നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ പ്രസ്തുത പദ്ധതി പൂർത്തീകരിച്ചിട്ടില്ല എന്നു കാണുന്നു.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 16/20.7.23) നിർവഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ കാലാകാലങ്ങളിൽ വന്ന മാർഗ്ഗനിർദ്ദേശത്തിന്റെ വ്യതിയാനം മൂലമാണ് പ്രവൃത്തി പൂർത്തിയാകാത്തത് എന്ന് പരാമർശിച്ചിരിക്കുന്നു. ഒന്നും രണ്ടും ഘട്ടത്തിന്റെ തുക മാത്രമാണ് മാറി നൽകിയിട്ടുള്ളതെന്നും പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് ബാക്കി തുക മാറി നൽകാവുന്നതാണെന്നും പറഞ്ഞിരിക്കുന്നു. പ്രവൃത്തി നാളിതുവരെ പൂർത്തീകരിക്കാത്തതിനാൽ പ്രസ്തുത പ്രോജക്ടിനായി തൻവർഷം ചെലവഴിച്ച 11,840/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രവൃത്തി എത്രയും വേഗം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.
തടസ്സപ്പെടുത്തിയ തുക – 11,840/-രൂപ

## 1-32 ലക്ഷങ്ങൾ ചെലവഴിച്ച പദ്ധതികൾ ഉപയോഗയോഗ്യമാക്കിയിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ ചുവടെ ചേർക്കുന്ന പദ്ധതികൾക്കായി ലക്ഷക്കണക്കിന് തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും, ആയവ നാളിതുവരെ ഉപയോഗയോഗ്യമാക്കിയിട്ടില്ല എന്ന് പ്രസ്തുത പദ്ധതികളുമായി ബന്ധപ്പെട്ട് 19.7.2023-ൽനടന്ന സ്ഥലപരിശോധനയിൽ വ്യക്തമായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് വിവരം | ചെലവഴിച്ച തുകയുടെ വിവരം | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | പ്രോജക്ട്നം.60/23<br>(180/22ന്റെ സ്പിൽ ഓവർ)<br>ഹരിതകർമ്മസേന ഓഫീസ്.<br>(CFC-1056000/-രൂപ) | ബിൽ നം.<br>42/21-22/21.3.22-<br>531922/-രൂ.<br>ബിൽ നം.<br>7/22-23/8.7.22-<br>280645/-രൂ.<br>-------------------<br>ആകെ- 812567/- രൂ. | കെട്ടിടനിർമ്മാണം പൂർത്തീകരിച്ചു. വൈദ്യുതീകരണം നടത്തി ഉപയോഗയോഗ്യമാക്കേണ്ടതാണ്. |
| 2 | പ്രോജക്ട്നം. 59/23<br>(23/22ന്റെ സ്പിൽ ഓവർ)<br>ഹരിത ഫെസിലിറ്റേഷൻ സെന്റർ<br>(CFC-3304800/-രൂപ+<br>Central Fund-495200/-രൂപ<br>Total-3800000/-രൂപ.) | ബിൽ നം.<br>125/22-23/3.11.22-<br>887393/-രൂ.<br>ബിൽ നം.<br>188/22-23/24.12.22-<br>838194/-രൂ.<br>-------------------<br>ആകെ- 1725587/- രൂ. | |
| 3 | പ്രോജക്ട്നം.58/23<br>(166/22ന്റെ സ്പിൽ ഓവർ)<br>MCF നിർമ്മാണം<br>(Central Fund-605000/-രൂപ) | ചെക്ക് നം.<br>652198/30.3.22-<br>195504/-രൂ.<br>ചെക്ക് നം.<br>814277/3.9.22-<br>448193/-രൂ.<br>------------------<br>ആകെ- 643697/- രൂ. | നിലവിലുള്ള ഒരു കുടിവെള്ള പദ്ധതിയുടെ കോൺക്രീറ്റ് വാട്ടർടാങ്കിന്റെ കീഴിലുള്ള സ്ഥലത്താണ് MCF നിർമ്മാണം നടത്തിയിട്ടുള്ളത്. MCF സംവിധാനത്തിന്റെ നാലുവശങ്ങളും പൂർണ്ണമായും കെട്ടിയടച്ചിട്ടില്ല. ഒരു വശം മാത്രം ഗ്രില്ലും റൂഫിംഗ് ഷീറ്റും കൊണ്ട് മറച്ചിട്ടുണ്ട്. MCF സംവിധാനത്തിന്റെ ഇരുവശങ്ങളിലുമായി ഓഫീസ് റൂം, ടോയ്‌ലറ്റ് എന്നിവ പണിതിട്ടുണ്ടെങ്കിലും പ്രവർത്തനക്ഷമമല്ല. മാലിന്യശേഖരണം നിലവിലുള്ള കുടിവെള്ളപദ്ധതിയെ ദോഷകരമായി ബാധിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും, MCF ഉപയോഗയോഗ്യമാക്കേണ്ടതുമാണ്. |

ലക്ഷങ്ങൾ ചെലവഴിച്ച് നിർമ്മിക്കുന്ന ആസ്തികൾ ഉപയോഗമില്ലാതെ തുടരുന്ന അവസ്ഥ അഭിലഷണീയമല്ല. മേൽ സൂചിപ്പിച്ച പദ്ധതികൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-33 പ്രോജക്ട് നം. 45/23 - വെളിയം ജംഗ്ഷനിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം - ബിൽ തുക അനുവദിച്ചതിലെ അപാകതകൾ.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ തുക | 23000000/-രൂപ (തനതുഫണ്ട്-2300000/-രൂപ, ലോൺ - 20700000/-രൂപ) |
| | ആസിഫ് കലാം (16702640/-രൂപ) |
| എഗ്രിമെന്റ് നം./തീയതി | 1/AE/LSGD/VLM/17-18/1.6.2017 |
| എം.ബുക്ക് നം. | 78/17-18, 80/17-18, 87/17-18, 91/17-18, 112/17-18, 29/18-19, 2(A)/19-20, 7(A)/19-20, 8(A)/19-20, 21/21-22. |

2013-14 ൽ രൂപീകരിച്ച പ്രസ്തുത പദ്ധതി ടെണ്ടർ നടപടികൾ പൂർത്തിയാകാതിരുന്നതിനാൽ തുടർ വർഷങ്ങളിൽ സ്പിൽഓവറായി തുടരുകയും 2017-18 ൽ ടെണ്ടർ നടപടി പൂർത്തിയാക്കി 1.6.2017-ൽ എഗ്രിമെന്റ് വച്ച് ആരംഭിച്ചിട്ടുള്ളതും, 5.7.21-ൽ പദ്ധതി പൂർത്തീകരിച്ചിട്ടുള്ളതുമാണ്. 2018-19 മുതൽ 8 പാർട്ട് ബില്ലുകളും, 2022-23-ൽ ഫൈനൽ ബില്ലും നൽകിയിരിക്കുന്നു.

എട്ടാം പാർട്ട് ബില്ലിൽ 1,50,000/-രൂപ ഫൈൻ ഇനത്തിൽ ഈടാക്കിയിട്ടുണ്ട്. ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 16/20.723) മറുപടിയിൽ, കോവിഡ് കാലയളവായതിനാൽ കരാറുകാരൻ പ്രവൃത്തി ഉപേക്ഷിച്ച് പോകാതിരിക്കാൻ ഒരു മുൻ കരുതൽ എന്ന രീതിയിലാണ് ഈ തുക ഈടാക്കിയത് എന്ന് പരാമർശിച്ചിരിക്കുന്നു. പിഴ ഒഴിവാക്കുന്നതിന് കരാറുകാരൻ നിയമപ്രകാരം അപേക്ഷ നൽകുകയും അത് അനുവദിക്കുകയും ചെയ്തിട്ടുള്ളതായി ഫയലിൽ നിന്നും വ്യക്തമാകുന്നുണ്ട്. ഈ സാഹചര്യത്തിൽ ഇപ്രകാരം തുക പിടിച്ചുവയ്ക്കുന്നത് ക്രമപ്രകാരമല്ല. കൂടാതെ, ടി ബില്ലിൽ നിന്നും കോ-ഓപ്പറേറ്റീവ് റിക്കവറി ഇനത്തിൽ 1,60,000/- രൂ. കൊട്ടാരക്കര താലൂക്ക് കാഷ്യൂ ആന്റ് റബ്ബർ ഗ്രോവേഴ്സ് പ്രോസ്സസ്സിംഗ് ആന്റ് മാർക്കറ്റിംഗ് സൊസൈറ്റിയും കരാറുകാരനും തമ്മിലുള്ള സിവിൽ നടപടി ഹർജി ഒത്തുതീർപ്പാക്കുന്നതിന് ടി സൊസൈറ്റിക്ക് നൽകുന്നതിനായി കുറവ് ചെയ്തിട്ടുള്ളതാണ്. എന്നാൽ ഇതു സംബന്ധിച്ച യാതൊരു രേഖകളും ഫയലിൽ ലഭ്യമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എട്ടാം പാർട്ട് ബിൽ

ആകെ പ്രവൃത്തിമൂല്യം = 20,13,592/-രൂപ
(-) റിട്ടെൻഷൻ 2.5% = 50,340/-രൂപ

------------

= 1963252/-

(-) ഫൈൻ തുക .........= 150000/-

----------

= 1813252/-

(-) കോ-ഓപ്പറേറ്റീവ് റിക്കവറി = 160000/-

----------

= 1653252/- (Chq.No.012535/11.2.21- Loan)

(-) IT 1% = 20136

KCWWF 1% = 20136

CGST 1% = 20136

SGST 1% = 20136 ......= 80544/-

----------

കരാറുകാരന് നൽകിയത് = 1572708/-രൂ.

===========

കരാറുകാരന് അനുവദനീയമായ 1,50,000/-രൂ. നൽകാൻ നടപടി സ്വീകരിക്കേണ്ടതും, കോ-ഓപ്പറേറ്റീവ് റിക്കവറി സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

1-34 വെളിയം ജംഗ്ഷനിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം-ലോൺ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

| | |
|---|---|
| അടങ്കൽ തുക | 23000000/-രൂപ (തനതുഫണ്ട്-2300000/-രൂപ, ലോൺ -20700000/-രൂപ) |
| | ആസിഫ് കലാം (16702640/-രൂപ) |
| എഗ്രിമെന്റ് നം./തീയതി | 1/AE/LSGD/VLM/17-18/1.6.2017 |

| | |
|---|---|
| എം.ബുക്ക് നം. | 78/17-18, 80/17-18, 87/17-18, 91/17-18, 112/17-18, 29/18-19, 2(A)/19-20, 7(A)/19-20, 8(A)/19-20, 21/21-22. |

അസി. എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായ പ്രസ്തുത പ്രവൃത്തിയുടെ ആകെ പ്രവൃത്തിമൂല്യം 1,59,96,180/-രൂ, എന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇതിൽ 23,00,000/- രൂപ തനതുഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ബാക്കി 1,36,96,179/-രൂ. ലോൺ ഇനത്തിൽ ചെലവഴിച്ചിട്ടുള്ളതാണ്. ഈ തുക മാത്രം ലോൺ എടുത്താൽ മതിയാകുന്നതാണ്. എന്നാൽ 2,07,00,000/-രൂപയാണ് പദ്ധതി അടങ്കലിൽ ലോൺ ഇനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ലോൺ എടുത്തതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ (ലോൺ തുക, ചെലവഴിച്ച തുക, തിരിച്ചടവിന്റെ വിവരം, തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക മുതലായവ) ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് സെക്രട്ടറിയ്ക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17/20.7.23) മറുപടി ലഭ്യമാക്കിയില്ല.

ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

(എ) തനതുഫണ്ട്

Chq.No.1410462/23.6.18 = 23000/-രൂപ
Chq.No.1410463/23.6.18 = 2277000/-രൂപ

----------------

ആകെ = 2300000/-രൂപ

=============

(ബി) ലോൺ

Chq.No.960929/5.12.18 171076/-രൂപ

Chq.No.960930/22.12.18 - 2014528/-രൂപ

Chq.No.ലഭ്യമല്ല/29.1.19 - 1060200/-രൂപ

Chq.No.591457/2.7.19 - 1201257/-രൂപ

Chq.No.591462/4.9.19 - 1474631/-രൂപ

Chq.No.012472/27.3.20- 1825000/-രൂപ

Chq.No.012477/4.5.20- 608354/-രൂപ

Chq.No.012503/21.7.20- 331049/-രൂപ

Chq.No.012504/21.7.20- 490000/-രൂപ

Chq.No.012505/21.7.20- 490000/-രൂപ

Chq.No.012506/21.7.20- 490000/-രൂപ

Chq.No.012506/21.7.20- 490000/-രൂപ

Chq.No.012535/11.2.21- 1963252/-(ചെലവ്) (ഫൈൻ തുക -150000/-+കോ-ഓപ്പറേറ്റീവ് റിക്കവറി-160000/-എന്നിവ പിടിച്ചതിനു ശേഷം മാറിയത്-1653252/- ഖണ്ഡിക 1-35 കൂടി കാണുക)

Chq.No.725113/9.12.22- 1086832/-

---------------

ആകെ = 13696179/- രൂ.

=============

ആവശ്യകതയ്ക്ക് ഉപരിയായി ലോൺ എടുത്തിട്ടുണ്ടോ എന്ന് പരിശോധിച്ച് അധികം തുക എടുത്തിട്ടുണ്ടെങ്കിൽ എത്രയും വേഗം തിരിച്ചടയ്ക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 കെട്ടിടനികുതി തെറ്റായി നിർണ്ണയിച്ചിരിക്കുന്നു

ഗ്രാമ പഞ്ചായത്തിന് കീഴിലുള്ള 9-ാം വാർഡിലെ ശ്രീ. ഖാലിദ്കുട്ടി, അൻഷാദ് മൻസിൽ എന്ന വ്യക്തിയുടെ 1636.97 ച.മി ഉള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് 4 നമ്പരുകൾ അനുവദിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച് 9/1068 (396.15ച.മി), 9/1069(396.15ച.മി), 9/1070(396.15ച.മി), 9/1071 (448.52ച.മി) എന്നീ നമ്പരുകൾ അനുവദിച്ചിരിക്കുന്നു. എന്നാൽ നികുതി നിർണ്ണയിച്ചപ്പോൾ 9/1070 (396.15ച.മി), 9/1071 (448,52ച.മി) എന്നീ കടമുറികളെ 100 ച.മി വരെ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ എന്നിവയിൽ ഉൾപ്പെടുത്തി അടിസ്ഥാന വസ്തുനികുതി നിരക്ക് 50/- രൂപയായി തെറ്റായി നിജപ്പെടുത്തിയിരിക്കുന്നു.

ഗ്രാമപഞ്ചായത്തിലെ വാണിജ്യാടിസ്ഥാനത്തിലുള്ള 100 ചതുരശ്ര മീറ്ററിൽ കൂടുതൽ തറ വിസ്തീർണമുള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ എന്നീ ഗണങ്ങളിലുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി നിരക്ക് 60/- രൂപയായി നിശ്ചയിച്ചിട്ടുണ്ടെന്നിരിക്കെയാണ് 50/- രൂപയായി തെറ്റായി നിജപ്പെടുത്തിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിടത്തിന്റെ വസ്തു നികുതി വിവരങ്ങൾ | തെറ്റായിഈടാക്കിയ വസ്തു നികുതി (₹) | | ഈടാക്കേണ്ട വസ്തു നികുതി (₹) | |
|---|---|---|---|---|
| | 9/1070<br>396.15m $^2$ | 9/1071<br>448.52m $^2$ | 9/1070<br>396.15m $^2$ | 9/1071<br>448.52m $^2$ |
| അംഗീകരിച്ച അടിസ്ഥാന നികുതി നിരക്ക് | 50/- | 50/- | 60/- | 60/- |
| അടിസ്ഥാന വസ്തു നികുതി | 19807.5/- | 22426/- | 23769/- | 26911.2/- |
| മേഖലാടിസ്ഥാനത്തിലെ ഇളവ് (10%) (ദ്വിതീയം) | 1980.75/- (-) | 2242.6/-(-) | 2376.9/-(-) | 2691.12/- (-) |
| വഴിസൗകര്യം (5 മീറ്ററിൽ കൂടുതൽ) അടിസ്ഥാനത്തിലുള്ള (20%) വർദ്ധനവ് | 3961.5/- (+) | 4485.2 (+) | 4753.8/-(+) | 5382.24/-(+) |
| തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള ( 15%) വർദ്ധനവ് | 2971.125/- (+) | 3363.9/-(+) | 3565.35/-+) | 4036.68/-(+) |
| ഈടാക്കേണ്ട വസ്തു നികുതി | 24760/- | 28033/- | 29712/- | 33639/- |
| ബഹുനില കെട്ടിടത്തിന്റെ ഇളവ് | 1238/- (ഒന്നാം നില -5%) | 1401.65/- (ഒന്നാം നില -5%) | 1485.6/- (ഒന്നാം നില -5%) | 3363.9/- (കംപ്ലീഷനൻ പ്ലാൻ പ്രകാരം രണ്ടാം നില-10%) |
| വാർഷിക വസ്തു നികുതി | 23522/- | 26632/- | 28227/- | 30276/- |
| 5% L.C | 1177/- | 1332 | 1412/- | 1514/- |
| ആകെ | 24699/- | 27964/- | 29639/- | 31790/- |
| വ്യത്യാസം<br>9/1070 ( 396.15m $^2$ ) - 29639 -24699 = 4940/-<br>9/1071 (448.52m $^2$) - 31790 – 27964 = 3826/-<br>ആകെ വ്യത്യാസം = 4940+ 3826 = 8766/- രൂപ | | | | |

കെട്ടിടത്തിന്റെ വസ്തു നികുതി കണക്കാക്കിയതിൽ 8766/-രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി

നിർണ്ണയത്തിൽ ഉണ്ടായ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും വസ്തു നികുതി മുൻകാല പ്രാബല്യത്തിൽ പുനർ നിർണ്ണയിച്ച് കുടിശ്ശിക ഉൾപ്പെടെ ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം.3 /18.07.2023

വരവ് നഷ്ടം - 8,766/- രൂപ

## 2-2 കെട്ടിടത്തിന് തെറ്റായ മേഖല നല്കി അടിസ്ഥാന വസ്തു നികുതിയിന്മേൽ ഇളവു നൽകി

ശ്രീ. ഡേവിഡ് തോമസ് പേരിൽ വാണിജ്യാവശ്യത്തിനുള്ള 157.83ച.മി. (16/1066) കെട്ടിടത്തിന് ദ്വിതീയ മേഖല, റോഡിന്റെ തരം 5 മീറ്ററിൽ കൂടുതൽ (ഓയൂർ-കൊട്ടാരക്കര റോഡ്) ആയി സ്ഥിതിചെയ്യുന്ന കെട്ടിടമായിക്കണ്ട് നികുതി നിർണ്ണയിച്ചിരിക്കുന്നു. എന്നാൽ ഈ കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാനിൽ 16/207 എന്ന നമ്പരുള്ള എക്സിസ്റ്റിംഗ് ബിൽഡിംഗ് നിലനിൽക്കുന്നുണ്ട്. എക്സിസ്റ്റിംഗ് ബിൽഡിംഗിന്റെ വിവരങ്ങൾ സഞ്ചയയിൽ പരിശോധിച്ചതിൽ ഈ കെട്ടിടം പ്രഥമ മേഖലയിൽ സ്ഥിതിചെയ്യുന്നതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 16/1066 നമ്പർ കെട്ടിടത്തിന് ദ്വിതീയ മേഖല എന്ന് തെറ്റായി രേഖപ്പെടുത്തി നികുതി ഇളവ് നൽകിയതായാണ് ഇതിൽ നിന്ന് വ്യക്തമാകുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിടത്തിന്റെ വസ്തു നികുതി വിവരങ്ങൾ | തെറ്റായി ഈടാക്കിയ വസ്തു നികുതി (₹) | ഈടാക്കേണ്ട വസ്തു നികുതി (₹) |
|---|---|---|
| അംഗീകരിച്ച അടിസ്ഥാന നികുതി നിരക്ക് | 60/- | 60/- |
| അടിസ്ഥാന വസ്തു നികുതി (157.83m2) | 9469.8/- | 9469.8/- |
| മേഖലാടിസ്ഥാനത്തിലെ ഇളവ് (10%) (ദ്വിതീയം) | 946.98/- (-)<br>(10%-ദ്വിതീയം) | ഇളവില്ല<br>പ്രഥമ മേഖല |
| മേൽക്കൂരയുടെ അടിസ്ഥാനത്തിലെ ഇളവ് (10%) | 946.98/- (-) | 946.98/- (-) |
| വഴിസൗകര്യം (5 മീറ്ററിൽ കൂടുതൽ) അടിസ്ഥാനത്തിലുള്ള (20%) വർദ്ധനവ് | 1893.96/- (+) | 1893.96/- (+) |
| ഈടാക്കേണ്ട വസ്തു നികുതി | 9470/- | 10417/- |
| 5% L.C | 498/- | 521/- |
| ആകെ | 9968/- | 10938/- |
| വ്യത്യാസം 10938 – 9968 = 970 /- രൂപ | | |

കെട്ടിടത്തിന്റെ വസ്തു നികുതി കണക്കാക്കിയതിൽ 970/-രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിൽ ഉണ്ടായ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും വസ്തു നികുതി മുൻകാല പ്രാബല്യത്തിൽ പുനർ നിർണ്ണയിച്ച് കുടിശ്ശിക ഉൾപ്പെടെ ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം.3 /18.07.2023

വരവ് നഷ്ടം - 970/- രൂപ

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 പഠനമുറി - വാല്യൂവേഷൻ തുകയിലും അധികം നൽകി

| | |
|---|---|
| പ്രോജക്ട് നം | 85/23 |
| അടങ്കൽ | 24,00,000/-രൂപ (SCP) |
| ചെലവ് | 24,00,000/- രൂപ<br>(40,000/-രൂപ, ബിൽ നം.10/7.12.22<br>80,000/-രൂപ, ബിൽ നം.12/20.2.22 |

| | |
|---|---|
| | 1,50,000/-രൂപ, 13/24.12.22<br>2,00,000/-രൂപ, 15/12.1.23<br>40,000/-രൂപ, 16/13.1.23<br>60,000/-രൂപ, 20/31.1.23<br>1,20,000/-രൂപ, 21/8.2.23<br>3,50,000/-രൂപ, 23/15.2.23<br>80,000/-രൂപ, 24/21.2.23<br>3,00,000/-രൂപ, 31/15.3.23<br>8,40,000/-രൂപ, 33/28.3.23<br>1,40,000/-രൂപ, 36/31.3.23) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

പഠനമുറി പ്രോജക്ട് പ്രകാരം എഗ്രിമെന്റ് വച്ച ഗുണഭോക്താക്കളിൽ 3 ഗുണഭോക്താക്കൾക്ക് വാല്യുവേഷൻ തുകയിലും അധികമായി ആനുകൂല്യം നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | നൽകിയ തുക (₹) | വാല്യുവേഷൻ പ്രകാരമുള്ള തുക (₹) | അധികം നൽകിയത് (₹) |
|---|---|---|---|
| മിഥുല എം, കൃഷ്ണവിലാസം | 1,50,000/- | 1,14,400/- | 35,600/- |
| അപർണ്ണ്യ, പാലവിള പുത്തൻവീട് | 1,50,000/- | 90,200/- | 59,800/- |
| ബിപിൻരാജ്, രാജുമന്ദിരം | 1,50,000/- | 1,18,400/- | 31,600/- |
| ആകെ | | | 1,27,000/- |

മേൽ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ ഹാജരാക്കുന്നതിനും വാല്യുവേഷൻ പ്രകാരമുള്ള തുകയിൽ അധികം നൽകാനുള്ള കാരണം വ്യക്തമാക്കുന്നതിനുമായി നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. വാല്യുവേഷൻ തുകയിൽ അധികമായി ഗുണഭോക്താക്കൾക്ക് നൽകിയ 1,27,000/-രൂപ ഗുണഭോക്താക്കളിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

എൻക്വയറി നം. 12 /18.7.2023

നിരാകരിച്ച തുക - 1,27,000/-രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസിസ്റ്റന്റ് സെക്രട്ടറി

## 3-2 എഫ്.എച്ച്.സി. ഫണ്ടിൽ നിന്നും മറ്റൊരു കെട്ടിടത്തിലെ ലാന്റ് ഫോൺ ബിൽ തുക ഒടുക്കി.

പ്രോജക്ട് നം. 159/23.
അടങ്കൽ – 3,00,000/-രൂപ (മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം).
ചെലവ് – 2,99,939/-രൂപ (മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം).
നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി.

എഫ്.എച്ച്.സി.യുടേയും സബ്സെന്ററുകളുടെയും അനുബന്ധ ചെലവുകൾ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി എഫ്.എച്ച്.സി. യുടെ ലാൻഡ് ഫോൺ നമ്പറിന്റെ ബില്ലിനോടൊപ്പം മെഡിക്കൽ ഓഫീസറുടെ വ്യക്തിഗത (0474-2992787) ലാൻഡ് ഫോൺ നമ്പറിന്റെയും 2021-22, 2022-23 കാലയളവിലെ ബിൽ തുക ഒടുക്കിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തെ ലാന്റ് ഫോൺ നമ്പറിന്റെ ബിൽ ഇനത്തിൽ 6,916/- രൂപയും 2022-23 സാമ്പത്തിക വർഷത്തെ ബിൽ ഇനത്തിൽ 5,312/- രൂപയും ഒടുക്കിയിട്ടുണ്ട്. മെഡിക്കൽ ഓഫീസറുടെ സ്വന്തം പേരിലുള്ള ലാൻഡ് ഫോൺ ബില്ലിന്റെ തുക എഫ്.എച്ച്.സി. ഫണ്ടിൽ നിന്നും ഒടുക്കിയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മെഡിക്കൽ ഓഫീസറുടെ

പേരിലുള്ള ലാന്റ് ഫോൺ ബിൽ ഇനത്തിൽ ചെലവഴിച്ച 12,228/- രൂപ തിരികെ ഒടുക്ക വരുത്തേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. – 10/19.07.2023.
നിരാകരിക്കുന്ന തുക – 12,228/-രൂപ.

3-3 റിംഗിന്റെ വ്യാപ്തം, സെന്ററിംഗ് & ഷട്ടറിംഗ്, മെറ്റൽ ഫില്ലിംഗ് എന്നിവയുടെ അളവുകൾ കണക്കാക്കിയതിൽ വ്യത്യാസം - 3,929/-രൂപയുടെ ചെലവ് നിരാകരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 61/23 (185/22-ന്റെ സ്പിൽ ഓവർ) |
| പ്രോജക്ടിന്റെ പേര് | കുടവട്ടൂർ മുരളി സ്മാരക മന്ദിരം-ജലസൗകര്യം ഒരുക്കൽ |
| നിർവഹണം | അസി.എഞ്ചിനീയർ |
| അടങ്കൽ തുക | 2,80,000/-രൂ. (CFC) |
| കരാറുകാരൻ | ശ്രീ. സതീശൻ എൻ (E/R) |
| എഗ്രിമെന്റ് നം/തീയതി | 45/AE/LSGD/VLM/21-22/22.2.2022 |
| ബിൽ നം./തീയതി, തുക | 163/22-23/5.12.2022, 2,65,645/- രൂപ. |
| എം. ബുക്ക് നമ്പർ | 20/22-23 |

പ്രസ്തുത പ്രോജക്ട് ഫയൽ, എം. ബുക്ക് എന്നിവ പരിശോധിച്ചതിൽ, 0.90m ആരത്തിലും, 4m ആഴത്തിലും എർത്ത് വർക്ക് എസ്കവേഷൻ നടത്തി കിണർ നിർമ്മിച്ചിട്ടുള്ളതായി കാണുന്നു. കിണറിന്റെ ആരത്തിന് തുല്യമായി 0.90m ബാഹ്യ ആരവും, 0.10m കനവുമുള്ള (ആന്തര ആരം-0.80m) കോൺക്രീറ്റ് റിംഗുകൾ 4m ആഴത്തിൽ കിണറിനുള്ളിൽ ഇറക്കി വച്ചതായി എം.ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു. കൂടാതെ റിംഗിന്റെ പുറം ഭിത്തിക്കും, കിണറിന്റെ അകംഭിത്തിക്കും ഇടയിൽ 0.10m സ്ഥലം ഉണ്ടെന്നു കണക്കാക്കി 4m ആഴത്തിൽ മെറ്റൽ ഫില്ലിംഗ് നടത്തിയിട്ടുള്ളതായും എം.ബുക്കിൽ രേഖപ്പെടുത്തി കരാറുകാരന് തുക നൽകിയിട്ടുണ്ട്.

0.90m ആരമുള്ള കിണറിന്റെ അകംഭിത്തിക്കും, റിംഗിന്റെ ബാഹ്യ ഭിത്തിക്കും ഇടയിൽ 0.10m അകലം വരത്തക്കവിധം റിംഗുകൾ ഇറക്കിവച്ചാൽ റിംഗിന്റെ ബാഹ്യ ആരം 0.80m, ആന്തര ആരം 0.70m എന്ന ക്രമത്തിൽ (കനം 0.10m) മാത്രമേ കണക്കാക്കാൻ കഴിയുകയുള്ളൂ. കൂടാതെ റിംഗിന്റെ പുറം ഭിത്തിക്കും, കിണറിന്റെ അകംഭിത്തിക്കും ഇടയിലുള്ള മെറ്റൽ കോളത്തിന്റെ ബാഹ്യആരം 0.90m, ആന്തര ആരം 0.80m (കനം 0.10m), ആഴം 4m എന്ന ക്രമത്തിലും കണക്കാക്കി വേണമായിരുന്നു അതിന്റെ വ്യാപ്തം നിർണ്ണയിക്കേണ്ടിയിരുന്നത്. തെറ്റായ അളവു നിർണ്ണയത്തിലൂടെ കരാറുകാരന് അധികം തുക നൽകിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

എ) റിംഗിന്റെ വ്യാപ്തം

എസ്റ്റിമേറ്റ് ഇനം 8 ( എം. ബുക്ക് പേജ് നം. 8) പ്രകാരം 16 കോൺക്രീറ്റ് റിംഗുകളുടെ വ്യാപ്തം ചുവടെ ചേർക്കുന്ന വിധം കണക്കാക്കി തുക നൽകിയിട്ടുണ്ട്.

16x3.14x1.7x0.1x0.25 = 2.13m3

2.13m3 @8718.71/m3 = 18570.85 രൂ.

അനുവദനീയമായ വ്യാപ്തവും തുകയും താഴെ ചേർക്കും വിധം കണക്കാക്കാവുന്നതാണ്.

16x3.14x(0.80+0.70)x0.1x0.25 = 1.884m3

1.884m3 @8718.71/m3 = 16426/- രൂ.

അധികം നൽകിയ തുക = 18570.85-16426 = 2145/-രൂ.

ബി) സെന്ററിംഗ് & ഷട്ടറിംഗ്

എസ്റ്റിമേറ്റ് ഇനം 7 (എം. ബുക്ക് പേജ് നം. 7) പ്രകാരം 16 കോൺക്രീറ്റ് റിംഗുകളുടെ സെന്ററിംഗ് & ഷട്ടറിംഗ് ചുവടെ ചേർക്കുന്ന വിധം കണക്കാക്കി തുക നൽകിയിട്ടുണ്ട്.

32x3.14x1.7x0.25 = 42.7m2

42.7m2 @254.38/m2 = 10862.02 രൂ.

അനുവദനീയമായ അളവും തുകയും താഴെ ചേർക്കും വിധം കണക്കാക്കാവുന്നതാണ്.

32x3.14x(0.80+0.70)x0.25 = 37.68m2

37.68m2 @254.38/m2 = 9585/- രൂ.

അധികം നൽകിയ തുക=10862.02-9585 = 1277/-രൂ.

സി) മെറ്റൽ ഫില്ലിംഗ്

എസ്റ്റിമേറ്റ് ഇനം 9 ( എം. ബുക്ക് പേജ് നം. 8) പ്രകാരം കോൺക്രീറ്റ് റിംഗുകൾക്കും കിണറിന്റെ അകം ഭിത്തിക്കും ഇടയിലുള്ള സ്ഥലം മെറ്റൽ ഫില്ലിംഗ് നടത്തിയതിന് ചുവടെ ചേർക്കുന്ന വിധം അളവ് കണക്കാക്കി തുക നൽകിയിട്ടുണ്ട്.

3.14x1.9x0.1x4 = 2.38m3

2.38m3 @2071.82/m3 = 4930.93 രൂ.

അനുവദനീയമായ അളവും തുകയും താഴെ ചേർക്കും വിധം കണക്കാക്കാവുന്നതാണ്.

3.14x(0.80+0.90)x0.1x4 = 2.1352m3

2.1352m3 @2071.82/m3 = 4424രൂ.

അധികം നൽകിയ തുക = 4930.93-4424 = 507/-രൂ.

ഇനം (എ), (ബി), (സി) എന്നിവ പ്രകാരം അധികം നൽകിയ ആകെ തുക 3,929/- രൂ. ഓഡിറ്റിൽ നിരാകരിക്കുന്നു.

ടി തുക കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ നിർവഹണോദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/20.7.23) ലഭ്യമാക്കിയ മറുപടിയിൽ കിണറിന്റെ വ്യാസം 2m ആയിരുന്നുവെന്നും എം.ബുക്കിൽ അത് തെറ്റായി 1.8m എന്ന് രേഖപ്പെടുത്തിയതു മൂലമാണ് ഇത്തരത്തിൽ വ്യത്യാസം വന്നതെന്നും പരാമർശിച്ചിരിക്കുന്നു. എന്നാൽ 19.7.23-ൽ നടത്തിയ സ്ഥലപരിശോധനയിൽ റിംഗ് സ്ഥാപിച്ചതിനുശേഷമുള്ള നിലവിലെ കിണറിന്റെ റിംഗിന്റെ കനം ഉൾപ്പെടെയുള്ള ആന്തര ആരം 0.80m (ആന്തരവ്യാസം 1.60m) എന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. 0.10m കനത്തിൽ മെറ്റൽ ഫില്ലിംഗിന്റെ സ്ഥലം കൂടി കണക്കിലെടുക്കുമ്പോൾ കിണർ കുഴിച്ചിട്ടുള്ളത് 1.8m വ്യാസത്തിൽ (ആരം 0.90m) തന്നെയാണ് എന്ന് വ്യക്തമാകുന്നു. ആയതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല. അധികം ചെലവഴിച്ച തുക തിരിച്ചടയ്ക്കേണ്ടതാണ്.

നിരാകരിച്ച തുക - 3,929/-രൂപ

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 12/10/2022 | കെ.എസ്.എ.കെ.എൽ.എം.പി 6/1436/23 തീയതി 22.08.2023 |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

(മാർഗ്ഗരേഖ ലംഘിക്കുന്നുണ്ടെങ്കിൽ പ്രത്യേകം പരാമർശിക്കണം.)

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രൊജക്ടിന്റെ പേര് | ചെലവ് (₹) | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 3,64,000/- | സ്കോളർഷിപ്പ് | 3,64,000/- | - |
| | | 2,40,000/- | അനുപൂരക പോഷകാഹാരം | 2,40,000/- | - |
| | | 5,15,128/- | പാലിന് സബ്സിഡി | 5,15,128/- | - |
| ജില്ലാ പഞ്ചായത്ത് | 2022-23 | 1,00,000/- | അനുപൂരക പോഷകാഹാരം | 1,00,000/- | - |

| | | | | |
|---|---|---|---|---|
| | 2,40,180/- | പാലിന് സബ്സിഡി | 2,40,180/- | - |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|
| KWA | പൊതു ടാപ്പുകൾ കട്ട് ചെയ്യുന്നതിന് നൽകിയ തുക | | 57,947/- | - | 57,947/- |
| KSEB | സ്ട്രീറ്റ് മെയിൻ വലിക്കൽ | 284/1.3.23 | 9,87,500/- | - | 9,87,500/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 79,90,000/-രൂപ വരവുണ്ട്. മുൻബാക്കി 7,303/-രൂപയടക്കം 79,97,303/- രൂപയിൽ 79,90,000/-രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക (₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹) | തൻവർഷം തിരിച്ചടച്ച തുക (₹) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| LIFE | സ.ഉ(എം.എസ്) 111/18/13.8.2018 | 79,90,000/- | 2,13,23,893/- | 34,24,320/- | - | 2,58,89,573/- |
| ഷോപ്പിംഗ് കോംപ്ലക്സ് | KURDFC/GP/321/ 2014/29-6-16 | - | 1,01,76,443/- | 19,94,388/- | 9,15,950/- | 81,82,055/- |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1,000/-രൂപ |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 1,000/-രൂപ |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,000/-രൂപ |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക (₹) | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ചാത്തന്നൂർ സ്പിന്നിംഗ് മിൽ | രേഖകൾ ലഭ്യമല്ല | - | - | - |
| ആകെ | | | | - | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക (₹) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം/തീയതി |
|---|---|---|---|---|
| 2015-16 | 2-2 | 250/- | വിജയകുമാർ | 1220100210/26.04.2022 |
| 2019-20 | 1-15 | 2,979/- | അബൂസെയ്ദ്, AE LSGD | 1220100299/06.05.2022 |
| 2020-21 | 1-23 | 3,095/- | അബൂസെയ്ദ്,AE LSGD | 1220100299/06.05.2022 |
| 2017-18 | Project 20/18 | 8,429/- | മുരുകൻ | |
| 2019-20<br>2020-21 | 1-12 | 2,400/- | 2യോഗക്ഷേമം ഹോസ്പിറ്റൽ | |
| 2011-12 | 2-4 | 2,500/- | എസ് രാജു | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 42 (1)(2) | 2002-03 | | മരാമത്ത്പണികൾ - മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയ ശേഷം പണി ആരംഭിച്ചിട്ടില്ല – തുക തിരികെ ഈടാക്കാത്തത്. | നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |
| 2015-16 | 3-1 | 2016-17 | 4.3.2 (lv) | മരുതിമല എക്കോ ടൂറിസം പദ്ധതി | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2016-17 | 3-15 | 2017-18 | 1 | ഫണ്ടുകളുടെ വിനിയോഗത്തിൽ വീഴ്ച – 1,50,76,124/-രൂപ ചെലവഴിക്കപ്പെട്ടിട്ടില്ല | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 8,766/- | - | ശ്രീ. സലിൽ എവുജിൻ, സെക്രട്ടറി |
| 2-2 | 970/- | - | ശ്രീ. സലിൽ എവുജിൻ, സെക്രട്ടറി |
| 3-1 | - | 1,27,000/- | ശ്രീമതി. ഹസീന എൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-2 | - | 12,228/- | ഡോ. ദിവ്യ ശശി, മെഡിക്കൽ ഓഫീസർ, അലോപ്പതി |
| 3-3 | - | 3,929/- | ശ്രീ. പ്രകാശൻ ഡി, അസിസ്റ്റന്റ് എഞ്ചിനീയർ |

(ബി). ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | |
|---|---|---|---|
| 1-17 | 6,02,467/- | 1,66,832/- | ഡോ. ദിവ്യ ശശി, മെഡിക്കൽ ഓഫീസർ, അലോപ്പതി |
| | | 4,35,635/- | ഡോ. പ്രവീൺ, മെഡിക്കൽ ഓഫീസർ, അലോപ്പതി |
| 1-18 | 3,27,259/- | ശ്രീ. മനേഷ് എം. എസ്, ഡയറി ഫാം ഇൻസ്ട്രക്ടർ | |
| 1-19 | 1,50,000/- | ശ്രീ. സലിൽ എവുജിൻ, സെക്രട്ടറി | |
| 1-20 | 12,45,447/- | ₹2,00,000/- | ശ്രീ. സലിൽ എവുജിൻ, സെക്രട്ടറി |
| | | ₹10,45,447/- | ശ്രീ. ബാലകൃഷ്ണപിള്ള ബി, സെക്രട്ടറി |
| 1-23 | 9,01,277/- | ₹3,29,553/-ശ്രീ. സലിൽ എവുജിൻ, സെക്രട്ടറി<br>₹5,71,724/- ശ്രീ. ബാലകൃഷ്ണപിള്ള ബി, സെക്രട്ടറി | |
| 1-31 | 11,840/- | ശ്രീ. പ്രകാശൻ ഡി, അസിസ്റ്റന്റ് എഞ്ചിനീയർ | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം) | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സലിൽ എവുജിൻ, സെക്രട്ടറി | സെക്രട്ടറി, മയ്യനാട് ഗ്രാമപഞ്ചായത്ത് | സമാസ്, വടക്കുംഭാഗം, ഇരവിപുരം പി ഒ |
| ശ്രീ. ബാലകൃഷ്ണപിള്ള ബി, സെക്രട്ടറി | സെക്രട്ടറി, വെളിയം ഗ്രാമപഞ്ചായത്ത് | ശ്രീഹരി, മിയ്യണ്ണൂർ, കൊല്ലം |
| ശ്രീമതി. ഹസീന എൻ, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, വെളിയം ഗ്രാമപഞ്ചായത്ത് | സമീം മൻസിൽ, ഞാറയ്ക്കൽ പെരിനാട് |
| ഡോ. പ്രവീൺ, മെഡിക്കൽ ഓഫീസർ, അലോപ്പതി | മെഡിക്കൽ ഓഫീസർ, വെളിയം ഗ്രാമപഞ്ചായത്ത് | പൗർണ്ണമി, പുലിയില പി.ഒ, നല്ലില |

| | | |
|---|---|---|
| ശ്രീ. പ്രകാശൻ. ഡി<br>അസിസ്റ്റന്റ് എഞ്ചിനീയർ | വിരമിച്ച | വിഷ്ണു മന്ദിരം<br>അമ്പലത്തുംകാല പി ഒ |
| ശ്രീമതി. ദിവ്യ ശശി,<br>മെഡിക്കൽ ഓഫീസർ,<br>അലോപ്പതി | DMO | ചരുവിള പുത്തൻ വീട്<br>ഇടയ്ക്കോട് പി ഒ, എഴുകോൺ |
| ശ്രീ. മനേഷ് എം. എസ്,<br>ഡയറി ഫാം ഇൻസ്ട്രക്ടർ | ഡയറി ഫാം ഇൻസ്ട്രക്ടർ<br>വെളിയം ഗ്രാമപഞ്ചായത്ത് | ഉഷസ്സ്, താഴം,<br>കരിമ്പിൻ പുഴ പി ഒ,<br>പാങ്ങോട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-1997 | കെ.എസ്.എ/കെ.എൽ.എം.പി6/408(1)/18 തീ. 23.2.18 | 1 |
| 1997-98 | കെ.എസ്.എ/കെ.എൽ.എം.പി6/408(2)/18 തീ. 23.2.18 | 3 |
| 1998-99 | കെ.എസ്.എ/കെ.എൽ.എം.പി6/408(3)/18 തീ. 23.2.18 | 4 |
| 1999-2000 | കെ.എസ്.എ/കെ.എൽ.എം.പി6/408(4)/18 തീ. 23.2.18 | 2 |
| 2000-2001 | കെ.എസ്.എ/കെ.എൽ.എം.പി6/408(5)/18 തീ. 23.2.18 | 1 |
| 2002-03 | കെ.എസ്.എ/കെ.എൽ.എം.പി6/408(7)/18 തീ. 23.2.18 | 4 |
| 2003-04 | കെ.എസ്.എ/കെ.എൽ.എം.പി6/408(8)/18 തീ. 23.2.18 | 1 |
| 2004-05 | കെ.എസ്.എ/കെ.എൽ.എം.പി6/408(9)/18 തീ. 23.2.18 | 2 |
| 2005-06 | കെ.എസ്.എ/കെ.എൽ.എം.പി6/408(10)/18 തീ. 23.2.18 | 3 |
| 2006-07 | കെ.എസ്.എ/കെ.എൽ.എം.പി6/741 (1)/19 തീ. 31.5.19 | 11 |
| 2007-08 | കെ.എസ്.എ/കെ.എൽ.എം.പി6/741 (2)/19 തീ. 31.5.19 | 4 |
| 2008-09 | കെ.എസ്.എ/കെ.എൽ.എം.പി6/741 (3)/19 തീ. 31.5.19 | 13 |
| 2009-10 | കെ.എസ്.എ/കെ.എൽ.എം.പി6/741 (4)/19 തീ. 31.5.19 | 11 |
| 2010-11 | കെ.എസ്.എ/കെ.എൽ.എം.പി6/741 (5)/19 തീ. 31.5.19 | 5 |
| 2011-12 | കെ.എസ്.എ/കെ.എൽ.എം.പി6/അദാലത്ത് 2011-12/<br>222/22 തീ. 19.8.22 | 10 |
| 2012-13 &<br>2013-14 | കെ.എസ്.എ/കെ.എൽ.എം.പി6/അദാലത്ത് 2012-13,13-14/<br>222/22 തീ. 19.8.22 | 7 |
| 2014-15 | കെ.എസ്.എ/കെ.എൽ.എം.പി6/അദാലത്ത് 2014-15/<br>222/22 തീ. 19.8.22 | 4 |
| 2015-16 | കെ.എസ്.എ/കെ.എൽ.എം.പി6/അദാലത്ത് 2015-16/<br>222/22 തീ. 19.8.22 | 10 |
| 2016-17 | കെ.എസ്.എ. കെ.എൽ.എം-പി6/1728/17 തീയതി 24.10.17 | 27 |
| 2017-18 | കെ.എസ്.എ. കെ.എൽ.എം-പി6/225/19, 11.4.19 | 9 |
| 2018-19 | കെ.എസ്.എ. കെ.എൽ.എം-പി6/318/2020/20.03.2020 | 14 |
| 2019-20 | കെ.എസ്.എ/കെ.എൽ.എം/പി6/1274/21/ 05-04-2022 | എല്ലാ ഖണ്ഡികകളും |
| 2020-21 | കെ.എസ്.എ/കെ.എൽ.എം/പി6/1275/21/ 05-04-2022 | എല്ലാ ഖണ്ഡികകളും |
| 2021-22 | കെ.എസ്.എ/കെ.എൽ.എം/പി6/1974/22/ 29-03-2023 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 3(1) dated 19-06-2023 and submitted on 28-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Veliyam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Veliyam Grama Panchayat for the year 2022-2023

Date: 08/09/2023

Deputy Director
District Office Kollam
Kerala State Audit Department

## Audit Report appended to the Audit Certificate of Veliyam Grama Panchayat for the Year 2022-2023.

**1.Major Observations**

-NIL-

**2.Other Observations**

1. The following mandatory financial statements prescribed in accounting rules are not submitted for audit :-

   Comments relating to Notes to account.
   Comments relating to Ratios.

2. The following registers are not maintained :-

   Investment Register.
   Asset Register.

3. Amount not paid from treasury has not been excluded from web saankhya ACR.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ വെളിയം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

3

## അനുബന്ധം-3

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.